2009
ഏപ്രിൽ - മെയ്
ലക്കം: 107

ചെറുതായിരിക്കുന്നതിന്റെ പ്രസക്തി

# ലിറ്റിൽ മാസിക









## എവിടെ മീനുകൾ?

മീൻ കടലിൽ നിന്നെത്തി അങ്ങാടിയിൽ പോയി വാങ്ങേണ്ട വിഭവമായ പുത്തൻ കാലത്ത് പുതുതലമുറക്ക് മീൻ പിടിത്തമൊക്കെ ഔട്ട് ഓഫ് ഫാഷനായിരിക്കുന്നു. പിന്നെയുള്ളത് ചില്ലുകൂട്ടിലെ അലങ്കാര മത്സ്യങ്ങളെ വളർത്തലാണ്. എന്നാൽ പുതുമഴ പെയ്താൽ വലയുമായി പുഴയിലെത്തുന്ന മുൻതലമുറ ഇപ്പോഴും കുറെയൊക്കെ ബാക്കിയുണ്ട്. പക്ഷെ മീൻ കിട്ടാനില്ലെന്നത് തോട്ട പൊട്ടിക്കലിലേക്കും വിഷം കലക്കലിലേക്കും ഇവരേയും നയിക്കുന്നു. പുഴ മത്സ്യത്തിന്റെ സ്വാദറിഞ്ഞവർ പോലും പുഴ മത്സ്യ സംരക്ഷണത്തിനോ പുഴ സംരക്ഷണത്തിനോ വേണ്ടി ഒന്നും ചെയ്യുന്നില്ല.

2009
ഏപ്രിൽ – മെയ്
ലക്കം 107

**ലിറ്റിൽ മാസിക**
ചുങ്കത്തറ പി.ഒ., മലപ്പുറം – 679934
Ph: 04931-231493, 232780
Mob: 9946428284, 9995264564
email:littlemasika@gmail.com

**1992**ൽ ദൃഷ്ടി എന്ന പേരിൽ പ്രസിദ്ധീകരണം ആരംഭിച്ചു. 1993 മുതൽ ലിറ്റിൽ മാസിക എന്ന പേരിൽ രജിസ്റ്റർ ചെയ്ത മാസികയായി പ്രസിദ്ധീകരിച്ചു വരുന്നു. ചെറിയ മനുഷ്യർ, കൊച്ചുപ്രസ്ഥാനങ്ങൾ, ചെറുതെങ്കിലും ആത്മാർത്ഥമായ ജനകീയ ഇടപെടലുകൾ പൂവ്, കാട്, പുഴ, ചെറുജീവികൾ, ദൃഷ്ടിഗോചരമല്ലാത്ത പ്രാണികൾ അങ്ങനെ ചെറുതും സുന്ദരവും സ്ഥായിയായി നിലനിൽക്കുന്നതുമായ ജീവിതത്തിന്റെ വിവിധ ഭാവങ്ങൾ...! ഇവയെക്കുറിച്ചെല്ലാമാണ് ഈ പത്രം വിചാരപ്പെടുന്നത്.



## ചെറിയ വലിയ കാര്യം

**ആഫ്രിക്കൻ മുശു (African Catfish)**

കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ നമ്മുടെ നാട്ടിൽ കുടിയേറിയെത്തിയ ഈ ഭീമൻ മത്സ്യം മറ്റു മത്സ്യങ്ങൾക്ക് ഭീഷണിയായി വളരുകയാണ്. Clarius gariepinus എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്ന ഈ ആഫ്രിക്കൻ മത്സ്യം ഇന്ത്യയിൽ എത്തുന്നത് ബംഗ്ലാദേശിൽനിന്നാണ്. ഇന്ന് നമ്മുടെ നാട്ടിലെ ഒട്ടുമിക്ക ജലാശയങ്ങളിലും ഇവ കുടിയേറിത്തുടങ്ങി. ബ്രോയ്‌ലർ ചിക്കൻ വിപ്ലവം നമ്മുടെ നാട്ടിൽ വ്യാപകമായതിന്റെ തൊട്ടുപിറകെയാണ് മത്സ്യ വിപ്ലവം എന്ന പേരിൽ ഇവയുടെ കുഞ്ഞുങ്ങളെ നമ്മുടെ ജലാശയങ്ങൾ ഇറക്കുമതി ചെയ്തത്. തദ്ദേശീയരായ മത്സ്യങ്ങളെ ഇവ വ്യാപകമായി പിടിച്ചു തിന്നുന്നതിനാൽ 2003ൽ കേരളാ ഫിഷറീസ് ഡിപ്പാർട്ട്മെന്റ് ഇവയെ വളർത്തുന്നത് നിരോധിച്ചിരുന്നുവെങ്കിലും സ്വകാര്യ മത്സ്യക്കുഞ്ഞ് ഉത്പാദനകേന്ദ്രങ്ങൾ വഴി ഇപ്പോഴും ഇവയുടെ കുഞ്ഞുങ്ങളെ യഥേഷ്ടം കിട്ടുന്നതുകൊണ്ട് നാട്ടിൻപുറങ്ങളിലെ ജലാശയങ്ങളിൽ ഇവയെ വ്യാപകമായി വളർത്തുന്നുണ്ട്.

കിട്ടുന്നതെന്തും ഭക്ഷിക്കുന്ന ഈ മത്സ്യങ്ങൾ 170 സെ.മീ വരെ വളർന്ന് ഭീമൻമാരായി മാറാറുണ്ട്. ഇവയുടെ ക്രമാതീതമായ വളർച്ച പല നാടൻ ജനുസ്സുകളുടെയും വംശനാശത്തിനിടയാക്കിയിട്ടുണ്ട്. 2004ൽ ബംഗ്ലാദേശിൽ ഈ മത്സ്യത്തെ വളർത്തുന്ന കുളത്തിനരികെ കുളിച്ചുകൊണ്ടിരുന്ന മൂന്ന് വയസ്സുള്ള ഒരു കുട്ടിയെ ആഫ്രിക്കൻ മുശു കടിച്ചുമുറിച്ച് തിന്നത് ഞെട്ടിപ്പിക്കുന്ന വാർത്തയായിരുന്നു.

ചീഫ് എഡിറ്റർ
**ബിജു ജോൺ**

കോ–ഓർഡിനേറ്റിംഗ് എഡിറ്റർ
**അബ്ദുള്ളക്കുട്ടി എടവണ്ണ**

മാനേജിംഗ് എഡിറ്റർ
**ജയപ്രകാശ് നിലമ്പൂർ**

എക്സിക്യൂട്ടീവ് എഡിറ്റർ
**പി.എം. ജോൺ**

പത്രാധിപ സമിതി
**സതീഷ് ചളിപ്പാടം**
**മനോഹർ വർഗീസ്**
**ചന്ദ്രബാബു തൃക്കലങ്ങോട്**

സ്പെഷ്യൽ കറസ്പോണ്ടന്റ്
**ഹാരിസ് നെന്മേനി**

ഇല്ലസ്ട്രേഷൻ
**ഡോ: റഹ്മാൻ**

സ്റ്റിൽസ്
**അജയ് സാഗ**
**സതീഷ് ചളിപ്പാടം**
**ഹാരിസ് നെന്മേനി**

ലേഔട്ട് & ഡിസൈൻ
**ലത്തീഫ് ഡിസൈൻ**

**എഡിറ്റോറിയൽ**

# ചെറിയ സ്വപ്നങ്ങൾ ഉണ്ടായിരിക്കണം

വലിയ സ്വപ്നങ്ങൾ ജീവിതവിജയത്തിന് ഒഴിവാക്കാനാവാത്തതാണ് എന്ന് പറയാറുണ്ട്. ജീവിതത്തെ മുന്നോട്ട് നയിക്കുന്നത് പലപ്പോഴും സ്വപ്നങ്ങളാണ് എന്നും എല്ലാവരും സമ്മതിക്കും. സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള പരിശ്രമങ്ങൾ തന്നെയല്ലേ ജീവിതം? എന്നാൽ എപ്പോഴും വലിയ സ്വപ്നങ്ങൾ മാത്രമാണോ ജീവിതത്തെ ആകർഷകമാക്കുന്നത്? പ്രമുഖ വ്യക്തി ചിന്തകനും പ്രഭാഷകനുമായ റിമസ് സാസോൺ ജീവിതത്തിൽ വെച്ചു പുലർത്തേണ്ട ചെറിയ സ്വപ്നങ്ങളെക്കുറിച്ചും അവയുടെ പ്രസക്തിയെക്കുറിച്ചും പറയുന്നത് വലിയ സ്വപ്നങ്ങളുടെ ഭാരംപേറി വലയുന്നവർക്ക് ആശ്വാസമാകുന്നു. വലിയ സ്വപ്നങ്ങൾ മാത്രം മനസ്സിലേറ്റി നടന്ന് ഒടുവിൽ ചെറിയ നേട്ടങ്ങൾകൊണ്ടും ചെറിയ ആനന്ദങ്ങൾ കൊണ്ടും മതിവരാതെ തളർന്ന് പോകുന്നവരുടെ തലമുറയാണ് വളർന്ന് വരുന്നത്.

ദൈനംദിന ജീവിതത്തിലെ ചെറിയ കാര്യങ്ങളിലും സന്തോഷം കണ്ടെത്താൻ ശീലിക്കേണ്ടതാണ്. ധനികനാവുക, വലിയ വാഹനമുണ്ടായിരിക്കുക, വലിയ ബിസിനസ്സ്, വലിയ ലാഭം, ഉയർന്ന ജോലി എന്നിങ്ങനെ വലിയ വലിയ സ്വപ്നങ്ങൾ വെച്ചു പുലർത്തുന്നവർ ചെറിയ ചെറിയ സ്വപ്നങ്ങൾ കൂടി ഒപ്പം കരുതി വെക്കുക എന്നാണ് റിമോസ് സാസോൻ പറയുന്നത്. ഒരു പുസ്തകം വായിക്കുന്നതും സുഹൃത്തിനോടൊപ്പം നർമ്മ സംഭാഷണം നടത്തുന്നതും എന്നിങ്ങനെ നിസാരമെന്ന് തോന്നുന്ന ചെറിയ കാര്യങ്ങളെക്കുറിച്ചും സ്വപ്നം കാണുകയും ചെറിയ കാര്യങ്ങളിൽ നിന്ന് വലിയ സന്തോഷം നേടാനുമായാൽ അത് ജീവിതത്തിന് പുതിയ അർത്ഥം തന്നെ നൽകും. ചെറിയ ചെറിയ സ്വപ്നങ്ങളും ലക്ഷ്യങ്ങളും കൂടി നമ്മുടെ ജീവിതത്തിന് ഉണ്ടാവേണ്ടതല്ലേ?. ●

**Copy left:** ലിറ്റിൽ മാസികയിൽ പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് കോപ്പിറൈറ്റ് ഇല്ല. ആർക്കും രചനകൾ യഥേഷ്ടം ഉപയോഗിക്കാവുന്നതാണ്. രചയിതാവിന്റെ പേര് സൂചിപ്പിക്കണമെന്ന് മാത്രം.

**പ്രചോദനം**

# ഗോബർ ടൈംസ്

ഡൽഹിയിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന ഡൗൺ ടു എർത്ത് എന്ന പരിസ്ഥിതി ദ്വൈവാരികയുടെ കൂടെയുള്ള സൗജന്യ സപ്ലിമെന്റാണ് ഗോബർ ടൈംസ് . ഗോബർ എന്നാൽ ചാണകം എന്ന് എല്ലാവർക്കും അറിയാം എന്നാൽ ഗോബർ ടൈംസ് ? ചാണകവാർത്ത എന്നോ ? ഭൂമിയിൽ ഒന്നും നിസ്സാരമല്ല എന്നും ചപ്പുചവറിൽ നിന്നും മൂല്യം കണ്ടെത്താം എന്ന വലിയ ജീവിതപാഠം ആണ് ഗോബർ ടൈംസ് എന്ന പേരിന് പിന്നിൽ. ഇന്ത്യൻ ഗ്രാമങ്ങളിൽ അടിസ്ഥാന സാമ്പത്തിക സ്രോതസ്സുകളിൽ ഒന്നാണ് ക്ഷീരകൃഷി. പശു വളർത്തൽ ഗ്രാമീണ ജീവിതത്തിന്റെ ഭാഗമാണ്. പശു നമുക്ക് എല്ലാം തരുന്ന കാമധേനുവാണ്. പശുവിന്റെ ചാണകം അമൂല്യമായ ഒരു വസ്തുവായി പരിഗണിക്കപ്പെടുന്നു. ചാണകവെള്ളം തളിച്ച് ശുദ്ധി വരുത്തുന്നത് പാരമ്പര്യമാണ്. നിലം മെഴുകാൻ ഗ്രാമങ്ങളിൽ ഇന്നും ചാണകം ഉപയോഗിക്കപ്പെടുന്നു. ചാണകത്തിൽ നിന്നും പാചക ഇന്ധനം ഉണ്ടാക്കുന്നു. ചാണകം ഉരുളകളാക്കി ഉണക്കി സൂക്ഷിച്ച് വെച്ച് പാചകത്തിന് ഉപയോഗിക്കുന്നു. മാലിന്യത്തിൽ നിന്ന് മൂല്യം കണ്ടെത്തുന്ന സുസ്ഥിര ജീവിത ശൈലിയുടെ ഒരു പ്രതീകം എന്ന നിലയിൽ ചാണകം (Gobar) വിവക്ഷിക്കപ്പെടുന്നു.

നിത്യജീവിതത്തെ സുസ്ഥിര വികസനത്തിന്റെ പ്രയോഗ നിലപാടിൽ വീക്ഷിക്കുന്ന വിലപ്പെട്ട വിവരങ്ങൾ ഉൾക്കൊള്ളുന്ന ഗോബർ ടൈംസ് ഗ്രീൻ ജേർണലിസത്തിന്റെ മികച്ച മാതൃകയാണ്. www.gobartimes.org എന്ന പ്രത്യേക വെബ്സൈറ്റും ഗോബർ ടൈംസിനുണ്ട്. ●

**വായനയുടെ പക്ഷം**

പോസ്റ്റ് കാർഡിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ലക്കം കിട്ടി. 2007 ൽ സൂര്യപ്രകാശും, ഐ.പി.ബാബുവും കൂടി എനിക്കൊരു ആയിരം പോസ്റ്റ് കാർഡ് എത്തിച്ചു തന്നു. സുഹൃത്തുക്കൾക്കും, പത്രങ്ങൾക്കും, ഹോട്ടലുകാർക്കും, പള്ളിക്കാർക്കും ഒക്കെ നിരന്തരം ഞാനെഴുതിക്കൊണ്ടിരിക്കുന്നു. മറുപടി കിട്ടണം എന്ന് വാശി പിടിക്കാറില്ല. ഞാനെഴുതിയ കത്ത വർക്ക് കിട്ടി എന്നറിയുമ്പോൾ ഒരു സന്തോഷം തോന്നാറുണ്ട്. നേരിട്ട് പറയുന്നതിനേക്കാൾ ശക്തി ഒരു പോസ്റ്റ് കാർഡിനുണ്ടെന്നാണെന്റെ അനുഭവം. വളരെ ചെറുപ്പം മുതലേ ആരംഭിച്ച ഈ കത്തെഴുത്ത് മാനിയ കിട്ടിയ കത്തുകൾ സൂക്ഷിച്ചു വെക്കുന്നതിലും ഞാൻ പുലർത്തിയിരുന്നു. ഈയിടെ രണ്ടായിരത്തോളം കത്തുകൾ ചിതല് പിടിച്ച് നഷ്ടപ്പെട്ടു.

**കരീം.കെ.പുറം, പുത്തൻചിറ-680 682**

ലിറ്റിൽ മാസിക നന്നാവുന്നുണ്ട്. തപാൽ കാർഡിനെക്കുറിച്ചുള്ള ഫീച്ചർ നന്നായി. ഞാനും തപാൽ കാർഡിൽ ഒരുപാട് ഇടപെടലുകൾ നടത്തുന്നയാളാണ്. ഒരു കെട്ട് കാർഡ് എപ്പോഴും കൈയ്യിൽ കൊണ്ടു നടക്കുന്നു. ലിമാ പ്രവർത്തർക്ക് അഭിനന്ദനങ്ങൾ

**ജോയ് ജോസഫ്,**
**തിരുമുടിക്കുന്ന്**

**വായനക്കാരുടെ പ്രതികരണങ്ങൾ... തപാലിൽ, ടെലഫോണിൽ, SMSൽ, മെയിലിൽ, നേരിൽ...**

**പലരും ചേദിക്കുന്ന ചോദ്യം**

കേവലം രണ്ട് സെന്റിമീറ്റർ മാത്രം വലുപ്പമുള്ള പ്രസിദ്ധീകരണങ്ങൾ ഉണ്ട്. യഥാർത്ഥത്തിൽ ചെറുതിന്റെ മാഹാത്മ്യം ഉയർത്തിപ്പിടിക്കുന്നത് അത്തരം പരിശ്രമങ്ങളല്ലേ? ലിറ്റിൽ മാസിക വലിയഫോർമാറ്റിൽ നിലനിൽക്കുന്നത് വൈരുദ്ധ്യമല്ലേ?

ലിറ്റിൽ മാഗസിൻ പ്രസ്ഥാനം ലോകമെങ്ങും അതിന്റേതായ സ്ഥാനം പതിപ്പിച്ചിട്ടുള്ളത് തനതായ നിലപാടുകൊണ്ടും ആശയപരമായ സാഹസികതകൊണ്ടുമാണ് അല്ലാതെ പ്രകടവും കേവലവുമായ അതിന്റെ വലുപ്പക്കുറവുകൊണ്ട് (സൈസ്) അല്ല. ചെറുത് എന്നത് കേവലർത്ഥത്തിൽ അല്ല മറിച്ച് ജീവിത വീക്ഷണത്തെ അടയാളപെടുത്തുന്നതിനാണ് ഉപയോഗപ്പെടുത്തുന്നത്. കേവലം സൈസ് മാത്രമാണ് ലിറ്റിൽ മാഗസിൻ ആവുന്നതിന്റ മാനദണ്ഡം എങ്കിൽ മാർക്കറ്റിൽ സുലഭമായ അശ്ലീല കൊച്ചുപുസ്തകങ്ങളാണ് ലിറ്റിൽ മാഗസിൻ എന്ന പേരിൽ അറിയപ്പെടുക.

## ദയവായി സഹായിക്കാമോ?

സുഹൃത്തേ,

താങ്കൾക്ക് ലിറ്റിൽ മാസിക കിട്ടുന്നുണ്ടാകുമല്ലോ? ലിറ്റിൽ മാസികക്ക് ഇപ്പോൾ കുറേ നല്ല സുഹൃത്തുക്കളുണ്ട്. നല്ല പ്രതികരണകുറിപ്പുകളും യോജിച്ച രചനകളും അയച്ചുതന്ന് അവർ സഹായിക്കാറുണ്ട്. ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ചെറുതിന്റെ ദർശനം അന്വേഷിക്കുന്ന മാസികക്ക് ആശയപരമായ തുറന്ന സംവാദം സന്തോഷകരമാണ്. ദയവായി നിങ്ങളുടെ വിലപ്പെട്ട നിരീക്ഷണങ്ങളും പ്രതികരണങ്ങളും അയച്ചു തരിക. പറ്റുമെങ്കിൽ 16 ലക്കങ്ങൾക്ക് 100 രൂപ അയച്ചുതന്നും സുഹൃത്തുക്കൾക്ക് മാസിക പരിചയപ്പെടുത്തിയും സഹായിക്കാവുന്നതാണ്.

**16 ലക്കം 100 രൂപ**
**ലിറ്റിൽ മാസിക, ചുങ്കത്തറ (പി.ഒ) 679934**

## ഇങ്ങനെയും (കഥകൾ)

പുസ്തകത്തിന്റെ 2-ാം പതിപ്പ് 2009 ജൂലായ് മാസം പ്രസിദ്ധീകരിക്കുന്നു. സംശയിക്കേണ്ട, സൗജന്യംതന്നെ. ചെറിയൊരുനിർദ്ദേശം. അമ്പതുപേർ* അഞ്ഞൂറു രൂപ തരണം. ആരെയും നിർബന്ധിക്കുന്നില്ല. കിട്ടുന്ന പണം മുഴുവനും പുസ്തകത്തിന്. ചില്ലിക്കാശ് ഞാനെടുക്കില്ല. അമ്പതിൽ ഒരാളാകാൻ താല്പര്യമുള്ളവർ MO ചെയ്യുക.

പ്രതിക്ഷ., സുകേതു, വണ്ടിത്താവളം (PO), പാലക്കാട് - 678534

## പ്രകൃതിയെ അറിയാൻ...

യൂത്ത് ക്ലബ് പ്രവർത്തകർ UP-HS, +2 ബിരുദ വിദ്യാർത്ഥികൾ, T.T.C., B.Ed., M.Ed. വിദ്യാർത്ഥികൾ, യുവകർഷകർ, വനിതകൾ എന്നിവരുടെ 40 അംഗ സംഘങ്ങൾക്കായി നിലമ്പൂർ പ്രകൃതി പഠന കേന്ദ്രം ഏകദിന - ദ്വിദിന പ്രകൃതിപഠന ക്യാമ്പുകളും വനയാത്രകളും പഠന പരിപാടികളും സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ ഡയറക്ടർ, പ്രകൃതിപഠന കേന്ദ്രം, നിലമ്പൂർ - 679 329 എന്ന വിലാസത്തിൽ രജിസ്റ്റർ ചെയ്യണം. ഫോൺ: 9446635140, E-mail: naturenilambur@gmail.com സമൂഹത്തിൽ ഹരിത ബോധ്യമുള്ള വ്യക്തികളെ സൃഷ്ടിക്കാനുദ്ദേശിച്ചുള്ള ഒത്തുചേരലുകൾ, കേരള പഠനയാത്രകൾ, ഭാരതയാത്രകൾ എന്നിവയിൽ വ്യക്തിപരമായും പങ്കുചേരാം.

കവർസ്റ്റോറി

# എവിടെ മീനുകൾ?


**ജയപ്രകാശ് നിലമ്പൂർ**

മുഴ്യ്, ബ്രാൽ, കണ്ണാച്ചൂട്ടി, കോട്ടി, ചെള്ളി, പരൽ, മൻഞ്ഞിൽ, കൂയിൽ, അരണ, കരിന്തല, പൂസാൻ... സമ്പന്നമായിരുന്നു കേരളീയ ജലാശയങ്ങളിലെയും തോടുകളിലെയും മത്സ്യസമ്പത്ത്. എന്നാലിന്ന് മിക്കവയും അപൂർവ്വമായിരിക്കുന്നു. ആവാസ വ്യവസ്ഥകളുടെ നാശവും, തോട്ട പൊട്ടിക്കലും, വിഷം കലക്കലും, പുഴകളിൽ കലരുന്ന കീട - കള നാശിനികളും മലിനീകരണവും അമിതമായ മണൽവാരലും എല്ലാം ചേർന്ന് ഒരു കാലത്ത് ഗ്രാമീണരുടെ മികച്ച ഭക്ഷണമായിരുന്ന ശുദ്ധജല മത്സ്യ സമ്പത്ത് പൂർണ്ണ നാശത്തിന്റെ വക്കിലാണ്. സർക്കാർ മുൻകൈയ്യിൽ രോഹു, കട്‌ല, മൃഗാല എന്നീ വളർത്തു മത്സ്യക്കുഞ്ഞുങ്ങളെ ലക്ഷക്കണക്കിന് യാതൊരു തത്വദീക്ഷയുമില്ലാതെ പുഴകളിൽ നിക്ഷേപിക്കുന്നതും പ്രാദേശിക മത്സ്യ സമ്പത്തത്തിന് കനത്ത നാശമാണ് വരുത്തി വയ്ക്കുന്നത്.

വർഗ്ഗത്തിൽപ്പെടാത്ത പല ജീവിക ളേയും മുന്തിയ മീനെന്ന പേരിൽ പലരും അകത്താക്കുന്നു. യഥാർത്ഥ മീനിന്റെ സ്വാദ് പോലും അറിയാത്തവരാവുകയാണ് പുത്തൻ ജനത. മസാല കൂട്ടുകളിലും ബ്രോസ്റ്റുകളിലും ആനന്ദം കണ്ടെത്തുന്നവർ യഥാർത്ഥ സ്വാദ് അറിയാതെയാവുന്നു.

കടലിൽ നിന്ന് പ്രജനന കാലത്ത് പുഴകളുടെ മേൽ തടങ്ങളിൽ പോലുമെത്തി മുട്ടയിട്ട് കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് കടലിലേക്ക് മടങ്ങുന്ന ഈൽ വർഗ്ഗത്തിൽപ്പെട്ട മൻഞ്ഞിൽ എന്ന മീൻ കാഴ്ചയിൽ പാമ്പിനെപ്പോലെയാണ്. ചെകിളപ്പൂക്കൾ കണ്ടാണ് ഇതിനെ പെട്ടെന്ന് തിരിച്ചറിയാൻ പറ്റുക. ചാലിയാറിലും കടലുണ്ടി പുഴയിലും ഏറ്റവും സാധാരണമായിരുന്ന ഈ മത്സ്യം ചാലിയാറിൽ കവണക്കല്ല് റഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിച്ചതോടെ നാമാവശേഷമായിരിക്കുകയാണ്. കടലിൽ നിന്ന് പുഴയുടെ മേൽ തട

മീൻ കടലിൽ നിന്നെത്തി അങ്ങാടിയിൽ പോയി വാങ്ങേണ്ട വിഭവമായ പുത്തൻ കാലത്ത് പുതുതലമുറക്ക് മീൻ പിടിത്തമൊക്കെ ഔട്ട് ഓഫ് ഫാഷനായിരിക്കുന്നു. പിന്നെയുള്ളത് ചില്ലുകൂട്ടിലെ അലങ്കാര മത്സ്യങ്ങളെ വളർത്തലാണ്. എന്നാൽ പുതുമഴ പെയ്താൽ വലയുമായി പുഴയിലെത്തുന്ന മുൻതലമുറ ഇപ്പോഴും കുറെയൊക്കെ ബാക്കിയുണ്ട്. പക്ഷെ മീൻ കിട്ടാനില്ലെന്നത് തോട്ട പൊട്ടിക്കലിലേക്കും വിഷം കലക്കലിലേക്കും ഇവരേയും നയിക്കുന്നു. പുഴ മത്സ്യത്തിന്റെ സ്വാദറിഞ്ഞവർ പോലും പുഴ മത്സ്യ സംരക്ഷണത്തിനോ പുഴ സംരക്ഷണത്തിനോ വേണ്ടി ഒന്നും ചെയ്യുന്നില്ല.



മീൻ കടലിൽ നിന്നെത്തി അങ്ങാടിയിൽ പോയി വാങ്ങേണ്ട വിഭവമായ പുത്തൻ കാലത്ത് പുതുതലമുറക്ക് മീൻ പിടിത്തമൊക്കെ ഔട്ട് ഓഫ് ഫാഷനായിരിക്കുന്നു. പിന്നെയുള്ളത് ചില്ലുകൂട്ടിലെ അലങ്കാര മത്സ്യങ്ങളെ വളർത്തലാണ്. എന്നാൽ പുതുമഴ പെയ്താൽ വലയുമായി പുഴയിലെത്തുന്ന മുൻതലമുറ ഇപ്പോഴും കുറേയൊക്കെ ബാക്കിയുണ്ട്. പക്ഷെ മീൻ കിട്ടാനില്ലെന്നത് തോട്ട പൊട്ടിക്കലിലേക്കും വിഷം കലക്കലിലേക്കും ഇവരേയും നയിക്കുന്നു. പുഴ മത്സ്യത്തിന്റെ സ്വാദറിഞ്ഞവർ പോലും പുഴ മത്സ്യ സംരക്ഷണത്തിനോ പുഴ സംരക്ഷണത്തിനോ വേണ്ടി ഒന്നും ചെയ്യുന്നില്ല.

ഇപ്പോൾ എല്ലാവർക്കും മുള്ളുള്ള മീനിനെക്കാൾ പഥ്യം ഒട്ടും മുള്ളില്ലാത്ത ഇറച്ചി മീനുകളാണ്. എന്നാൽ ഇത്തരമൊരു രീതി പ്രചാരത്തിലായത് കടലിൽ നിന്ന് പിടിച്ചെടുക്കുന്ന മീൻ വർഗ്ഗത്തിലല്ലാത്ത മറ്റു ജീവികളുടെ മാംസം കഷണങ്ങളാക്കി ഇറച്ചിമീനെന്ന പേരിൽ വിൽക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഇറച്ചിമീനുകൾ വിൽക്കുന്നവർ വിളിച്ചു പറയുന്ന പേരിൽ ആകൃഷ്ടരായി മീൻ

ങ്ങളിലേക്കും തിരിച്ചുമുള്ള യാത്ര തടസ്സപ്പെട്ടതോടെ ഇവയുടെ നിലനിൽപ്പ് ഭീഷണി ചാലിയാറിന്റെ ജലപരിസ്ഥിതിയിൽ വരുത്തുന്ന മാറ്റം എന്താവാം? സാൽമൺ മത്സ്യങ്ങളെ സംരക്ഷിക്കാനായി കോളറാഡോ നദിയിലെ ആറ് വൻകിട അണക്കെട്ടുകൾ പൊളിച്ചു കളഞ്ഞത് ദീർഘകാലത്തെ പഠനശേഷം ഈ മത്സ്യത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞായിരുന്നു. നമ്മുടെ പുഴകളിൽ അത്തരം പഠനങ്ങൾ എന്ന് നടക്കും?

വൻകിട ഹോട്ടലുകളിൽ രുചികരമായ മത്സ്യ വിഭവങ്ങളായി തീൻമേശകളിൽ നിറയുന്നത് കൃത്രിമമായി വളർത്തിയെടുക്കുന്ന മത്സ്യഇനങ്ങളാണ്. ബ്രോസ്റ്റിന്റെ പിൻബലത്തോടെ വിലയേറിയ വിഭവങ്ങളായവ കോഴിപാർട്സും വേസ്റ്റും നൽകി വളർത്തിയെടുക്കുന്ന മുഷി പോലുള്ള ഇനങ്ങളാണെന്ന് വിദ്യാസമ്പന്നരായവർ ഒരിക്കലും അറിയാറുമില്ല.

പുഴയിലെ ഒരു നാട്ടുമീൻ അപ്രത്യക്ഷമായാൽ അത് പുഴയുടെ മരണത്തിന്റെ സൂചനയാണ്. പുഴയെന്നാൽ വെറുമൊരു നീരൊഴുക്കല്ലല്ലോ.



ജീവിതത്തിന്റെ
ലളിതപാഠങ്ങൾ
അക്കു

**ചുറ്റുപാടുകളെ നിർജ്ജീവമാക്കി കൊണ്ട് പടുത്തുയർത്തുന്ന ആധുനിക മനുഷ്യന്റെ വികസന ത്വരയെ അതിജീവിക്കാൻ ജീവന് ഇനിയും കരുത്തുണ്ടാകുമോ?**

# നഗരമദ്ധ്യത്തിൽ ഒരു ചെറൂള തൈ

തിരുവനന്തപുരം നഗരിയിലെ തിരക്കിൽ പൂജപ്പുരയിലേക്ക് ബസ് കാത്ത് നിൽക്കുന്ന സമയം. നഗരത്തിരക്കിന്റെ മടുപ്പിൽ പലതിലേക്കും മാറി മാറി കണ്ണ് പായിക്കുമ്പോഴാണ് അത് കണ്ടത്! പ്ലാസ്റ്റിക് ചവറുകൾ അടിഞ്ഞു കിടക്കുന്ന കോൺക്രീറ്റ് പരപ്പിലെ മതിലിന്റെ ഇത്തിരിപ്പോന്ന വിടവിലൂടെ പുറത്തേക്ക് തല കാണിച്ച് ഒരു ചെറൂള തൈ! നഗരത്തിലെ പ്രതിബന്ധ സാഹചര്യങ്ങളെയെല്ലാം എതിർത്ത് തോൽപ്പിച്ച് തുടിച്ച് നിൽക്കുന്ന ജീവിത കാമനയായി എനിക്ക് ആ ദൃശ്യം അനുഭവപ്പെട്ടു. ചെറൂളയും പൂവാംകുരുന്നിലയും തൊട്ടാവാടിയും മുക്കുറ്റിയും തുമ്പയും തഴച്ചു വളർന്ന പഴയ നാട്ടിടവഴിയുടെ ഗൃഹാതുരത്വമുണർത്തുന്നതു പോലെ ജീവന്റെ ചെറു കണികകളെ പോലും തുടച്ചു നീക്കുന്ന അതിവിനാശത്തിന്റെ നഗര വികസന പളപ്പിൽ പച്ചപ്പിന്റെ അവശേഷിക്കുന്ന പരാഗരേണുക്കളെ വഹിക്കുന്ന ജീവന്റെ ജ്വലിക്കുന്ന ചിത്രം. പൊള്ളുന്ന മരുപ്പരപ്പിലെ പച്ചപ്പിന്റെ കുളിർമ പോലെ...


അഗ്നിപർവ്വത സ്ഫോടനത്തിൽ ജീവന്റെ മുഴുവൻ കണികകളും തുടച്ചു നീക്കപ്പെട്ട ക്രാക്കത്തോവ ദ്വീപിൽ വർഷങ്ങൾക്കു ശേഷം ജീവന്റെ ചലനങ്ങൾ സജീവമായ കഥ മുമ്പ് സൂചിമുഖി മാസികയിൽ വായിച്ചത് ഓർമ്മയിൽ വന്നു. നിർജ്ജീവമായി മാറിയ ഒരു ഭൂപ്രദേശത്ത് ജീവൻ തിരിച്ചെത്തി ഉന്മത്തനൃത്തം ചവിട്ടി തുടങ്ങിയ വിസ്മയകരമായ കഥയാണ് ക്രാക്കത്തോവയുടേത്.

ഇന്തോനേഷ്യൻ ദ്വീപ സമൂഹങ്ങളിലെ പ്രധാന ദ്വീപുകളായ സുമാത്രക്കും ജാവക്കും ഇടയിലുള്ള കടലിടുക്കാണ് സുണ്ടാ കടലിടുക്ക്. ഈ പ്രദേശത്ത് മനുഷ്യവാസമുള്ള ഒരു ചെറിയ ദ്വീപായിരുന്നു ക്രാക്കത്തോവ. 1883 മെയ് മാസത്തിലാണ് ക്രാക്കത്തോവയിൽ അഗ്നിപർവ്വതം പുകയാൻ തുടങ്ങിയത്. മാസങ്ങളോളം തുടർന്ന തുടർച്ചയായ ഇരമ്പലുകൾക്ക് ശേഷം ആഗസ്റ്റ് 27-ാം തീയതി അതിശക്തമായ സ്ഫോടനങ്ങളോടെ ക്രാക്കത്തോവ പൊട്ടിത്തെറിച്ചു. കടലിന്റെ അടിത്തട്ടിൽ ഒരു ഗർത്തം മാത്രം അവശേഷിപ്പിച്ച് കൊണ്ട് ക്രാക്കത്തോവ ദ്വീപിന്റെ ഭൂരിഭാഗം പ്രദേശങ്ങളും അപ്രത്യക്ഷമായി. ചുറ്റുമുള്ള ദ്വീപുകളിൽപ്പോലും സ്ഫോടനകഥകൾ പറയാൻ ആരും തന്നെ ബാക്കിയുണ്ടായിരുന്നില്ല. മനുഷ്യചരിത്രത്തിൽ വെച്ച് ഏറ്റവും ഭീകരമായ അഗ്നിപർവ്വത സ്ഫോടനമായിട്ടാണ് ഇതിനെ കണക്കാക്കുന്നത്. ജീവസ്പർശനമേൽക്കാത്ത വന്ധ്യമായ ഭൂമിയുടെ പൂർവ്വകാല ചിത്രം പോലെയായി ക്രാക്കത്തോവ ദ്വീപിന്റെ അവശിഷ്ടങ്ങൾ.

ക്രാക്കത്തോവ സ്ഫോടനത്തിന് ശേഷം ഒരു സസ്യശാസ്ത്രജ്ഞൻ അവിടെ എത്തി. അവശിഷ്ടങ്ങളെ സൂക്ഷ്മമായി നിരീക്ഷിച്ചപ്പോൾ ജീവന്റെ യതൊരു ലക്ഷണവും അവിടെ കണ്ടെത്താനായില്ല. ഏതാനും മാസങ്ങൾക്കു ശേഷം അവിടെ എത്തിയ മറ്റൊരു ഗവേഷകനാണ് ക്രാക്കത്തോവയിൽ സ്ഫോടനത്തിന് ശേഷമുള്ള ആദ്യത്തെ ജീവനെ രേഖപ്പെടുത്തിയത്. നേർത്ത വലയുടെ നൂലിൽ തൂങ്ങി എവിടെ നിന്നോ പറന്നിറങ്ങിയ ഒരു ചുവന്ന ചിലന്തി കുഞ്ഞായിരുന്നു അത്. പുതിയ ക്രാക്കത്തോവയിൽ പിടിച്ചു തിന്നാൻ ഒന്നുമില്ലെങ്കിലും ജന്മവാസന കൊണ്ട് ആ ഊഷരഭൂമിയിൽ വല നെയ്ത് കാത്തിരിക്കുന്ന ചിലന്തിക്കുഞ്ഞ്. ഏതാനും വർഷങ്ങൾ പിന്നിട്ടപ്പോൾ ധാരാളം പുൽനാമ്പുകൾ അവിടവിടെ മുളച്ചു പൊങ്ങാൻ തുടങ്ങി. ക്രാക്കത്തോവയിൽ അഗ്നിപർവ്വത സ്ഫോടനത്തിന് ശേഷം എത്തിയ സസ്യങ്ങൾ എല്ലാം തന്നെ കാറ്റിലൂടെയും തിരമാലയിലൂടെയും വിത്തു വിതരണം ചെയ്യുന്ന സസ്യവർഗ്ഗത്തിൽപ്പെട്ടവയായിരുന്നു. 250 അടിയോളം ആഴത്തിൽ ലാവയും ചാരവും മൂടിയ ഈ ദ്വീപിന്റെ അവശിഷ്ടങ്ങളിൽ സ്ഫോടനത്തിന് മുമ്പുണ്ടായിരുന്ന സസ്യങ്ങളുടെ വേരുകളോ വിത്തുകളോ ഒന്നും തന്നെ അവശേഷിച്ചിരുന്നില്ല.

കാലക്രമത്തിൽ വൈവിദ്ധ്യമാർന്ന സസ്യലതാദികളുടെ വിത്തുകൾ മുളച്ച് പൊങ്ങി ഇവിടം മഴക്കാടുകളുടെ ജൈവവൈവിധ്യങ്ങളിലേക്ക് പരിണമിച്ചു കൊണ്ടിരിക്കുന്ന വിസ്മയകരമായ കാഴ്ചയാണ് ക്രാക്കത്തോവയിൽ അരങ്ങേറുന്നത്. കാറ്റും തിരമാലകളും എത്തിച്ച ചിത്രശലഭങ്ങളും ചിലന്തികളും തുടക്കത്തിൽ ആഹാരമില്ലാതെ ചത്തൊടുങ്ങിയെങ്കിലും പിന്നീട് എത്തിച്ചേർന്ന ജന്തു സമൂഹവും സസ്യങ്ങളും ചേർന്നുണ്ടായ പാരസ്പര്യത്തിലൂടെ ജീവന്റെ തിരിച്ചു വരവ് വിജയകരമായി തീരുകയായിരുന്നു.

ഭൂമിക്ക് നഷ്ടപ്പെട്ട ഹരിതകഞ്ചുകം പ്രകൃതിയുടെ ആകസ്മികതകൾ ചേർന്ന് വീണ്ടും നെയ്തുണ്ടാക്കുന്ന അതിശയിപ്പിക്കുന്ന കഥയാണ് ക്രാക്കത്തോവ പഠിപ്പിക്കുന്നത്. പ്രതികൂല സാഹചര്യങ്ങളോട് പോരാടി അസ്തിത്വം പുനസ്ഥാപിക്കാനുള്ള ജീവന്റെ ഉൽക്കടമായ ത്വര ക്രാക്കത്തോവ കഥയിലുണ്ട്. ചുറ്റുപാടുകളെ നിർജ്ജീവമാക്കി കൊണ്ട് പടുത്തുയർത്തുന്ന ആധുനിക മനുഷ്യന്റെ വികസന ത്വരയെ അതിജീവിക്കാൻ ജീവന് ഇനിയും കരുത്തുണ്ടാകുമോ?



ക്രാക്കത്തോവയിലേക്ക് ജീവന്റെ വിത്തുകൾ വിതരണം ചെയ്യാൻ സമീപപ്രദേശത്തെ ദ്വീപുകളിൽ നിലനിന്ന് പോന്ന ജൈവസമ്പന്നത ഉണ്ടായിരുന്നു. വിത്തുകൾ സൂക്ഷിച്ച പത്തായം പോലെ. നാളേക്കു വേണ്ടി ഒരു വിത്തും കരുതി വെക്കാത്ത ജീവിത സംസ്കാരത്തിൽ രമിക്കുന്ന പുത്തൻ നാഗരികതയുടെ നിഗ്രഹ വാഴ്ചയിൽ നിന്ന് ഇന്ന് എത്ര വിത്തുകൾക്കാണ് മുളച്ച് പൊന്താനാവുക?


തിരുവനന്തപുരം നഗരത്തിലെ ചെറൂള തൈ നമ്മെ പലതും പഠിപ്പിക്കുന്നില്ലേ? ●

വീട് കേവലം പാർപ്പിടം എന്നതിനുപരി അത് താമസിക്കുന്നവരുടെ അഭിരുചികളുടെയും നിലപാടുകളുടെയും വെളിപ്പെടുത്തൽകൂടി ആവാറുണ്ട്. വ്യക്തി ജീവിതത്തിൽ എടുക്കുന്ന നല്ല തീരുമാനങ്ങളിലൊന്നാണ് ചിലവുകുറഞ്ഞ വിഭവങ്ങൾ പരമാവധി കുറച്ച് ഉപയോഗിക്കുന്ന വീട് മതി എന്നത്. ഇത്തരം നിലപാടുകളോടെ നിർമ്മിക്കപ്പെട്ട വീടുകളെക്കുറിച്ചും അതിലെ താമസക്കാരെക്കുറിച്ചും നിങ്ങൾക്കും എഴുതാം.

# വീട്, എനിക്ക് സ്വാസ്ഥ്യം തരുന്ന ഇടം

അഡ്വ: പി.എ. പൗരൻ





പതിനഞ്ച് വർഷം മുമ്പാണ് ഞാൻ മഞ്ചേരി അരുകിഴായിൽ വാങ്ങിയ പന്ത്രണ്ടര സെന്റ് സ്ഥലത്ത് വീട് വെച്ചത്. വീട് എന്ന പേരിൽ ഒരു കോൺക്രീറ്റ് വനം വേണ്ട എന്ന് ആദ്യമേ തീരുമാനിച്ചിരുന്നു. കോസ്റ്റ് ഇഫ്കടീവായും പരമാവധി വിഭവങ്ങൾ കുറച്ച് ഉപയോഗിച്ചും വീട് നിർമ്മിക്കുന്ന എഞ്ചിനീയറും ഫോട്ടോഗ്രാഫറുമായ ബാലകൃഷ്ണൻ വളപ്പിലയെ ജോലി ഏൽപ്പിക്കുന്നതിൽ രണ്ടാമത് ആലോചിക്കേണ്ടി വന്നില്ല.

ഓട് വെച്ച് മേൽക്കൂര വാർത്തു. തറയിൽ റെഡ് ഓക്സൈഡ് മതി എന്ന് നിശ്ചയിച്ചു. മരം പരമാവധി കുറച്ച് ഉപയോഗിച്ചു. ജനലുകൾ എല്ലാം കമ്പികൾ കൊണ്ട്.. ചുമര് അകവും പുറവും തേക്കാതെ ഇഷ്ടികയിൽ അകത്ത് ഹോൾ ഇട്ട് പടുത്തു. മണലും സിമന്റും തുടങ്ങിയ വിഭവങ്ങൾ മിതമായി ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മിതിയായിരുന്നു.

ഇഷ്ടികയുടെ സ്വാഭാവിക നിറവും ചുമർ പടുക്കലിന്റെ ഭംഗിയും സവിശേഷവും ഓരോ ഇഞ്ചും പരമാവധി ഉപയോഗപ്പെടുത്തിയുള്ള ഡിസൈനും ചേർന്നപ്പോൾ വീടിന് സൗന്ദര്യം കിട്ടി. നല്ല രീതിയിലുള്ള കാലാവസ്ഥാ ക്രമീകരണം മറ്റൊരു പ്രത്യേകതയാണ്. ഏത് വേനലിലും ഫാൻ വേണ്ട. നല്ല തണുപ്പിലും അകത്ത് ഇളം ചൂട്.

ട്രാഫിക് ഒട്ടും ഇല്ലാത്ത ശാന്തമായ ഒരിടത്ത് ആയതിനാൽ സൈലന്റ് വാലി എന്ന് വീടിന് പേരും ഇട്ടു. വീട് വെക്കാൻ തൊടിയിലെ ഒരു മരവും മുറിക്കേണ്ടി വന്നില്ല. സ്വാഭാവികമായി സസ്യങ്ങളും മരങ്ങളും വളരാൻ അനുവദിച്ചപ്പോൾ 12 1/2 സെന്റിൽ സ്വാഭാവിക പ്രകൃതി വീടിനു ചുറ്റും വന്ന് നിറഞ്ഞതുപോലെ.

ചുമര് തേക്കാത്തതിനാൽ അകത്ത് വെളിച്ചം കുറവാണ് എന്ന് തോന്നും. കീടങ്ങളുടെ ശല്യവുമുണ്ട്. പക്ഷേ ചോർച്ചയോ ബലക്ഷയമോ ഒട്ടുമില്ല. പരമ്പരാഗത ശൈലിയിൽ പണിത വീടിനെ അപേക്ഷിച്ച് പെയിന്റിംഗ് പോലുള്ള ചിലവേറിയ മെയിന്റനൻസ് പണി വേണ്ട എന്ന ലാഭവുമുണ്ട്. 15 വർഷത്തിനുശേഷം വീട് പുതുക്കി പണിയണമെന്നോ, സൗകര്യങ്ങൾ കൂട്ടണമെന്നോ തോന്നിയിട്ടില്ല. ഉള്ളത് തന്നെ വലുതാണ് എന്ന ചിന്തയാണ്. സമൂഹത്തിൽ കിടപ്പാടംപോലും ഇല്ലാത്തവരെക്കുറിച്ച് ആലോചിക്കുമ്പോൾ അങ്ങനെയല്ലേ ചിന്തിക്കാൻ കഴിയൂ. ●

# ഗാന്ധിജി: വിദേശത്ത് പ്രിയങ്കരനായ മാനേജ്മെന്റ് ഗുരു

വിദേശ കോളെജുകളിലും യൂണിവേഴ്സിറ്റികളിലും ഗാന്ധിയൻ ചിന്തയിൽ നിരവധി കോഴ്സുകൾ ധാരാളമായി തുടങ്ങുന്ന ഒരു പ്രവണത സമീപ കാലത്തുണ്ടായിട്ടുണ്ട്. ഏകദേശം അമ്പതോളം യൂണിവേഴ്സിറ്റികളിലും കോളെജുകളിലും ഗാന്ധിയൻ പാഠ്യപദ്ധതികൾ തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. അമേരിക്കയിലെ ഗാന്ധിസ്മൃതി ആന്റ് ദർശൻ സ്മൃതി ഡയറക്ടർ സ്മിതാ സിംഗ് പറയുന്നു. പാശ്ചാത്യ സമൂഹം വികസനത്തിന്റെ പരകോടിയിൽ എത്തിക്കഴിഞ്ഞു. ഇനി അവർ ലാളിത്യത്തിലേക്ക് തിരിഞ്ഞു നടക്കുകയാണ്. ലാളിത്യത്തിന്റെ പുതിയ ജീവിതരീതി സ്വായത്തമാക്കുന്നതിന്റെ ഭാഗമായി ഗാന്ധിജിയും ഗാന്ധിദർശനങ്ങളും പാശ്ചാത്യർക്കു പ്രിയങ്കരമാകുന്നു. യൂണിവേഴ്സിറ്റി ഓഫ് വെസ്റ്റ് വെർജീനിയ, യൂണിവേഴ്സിറ്റി ഓഫ് ഹവായ്, ജോർജ്ജ് മിഷൻ യൂണിവേഴ്സിറ്റി ഇവിടങ്ങളിലെല്ലാം ഗാന്ധിയൻ പഠനങ്ങൾ സ്ഥാനം പിടിച്ചു കഴിഞ്ഞിരിക്കുന്നു. ഹാർവാർഡിലെ സ്കൂൾ ഓഫ് ബിസിനസ്സ് മാനേജ്മെന്റ് ഗാന്ധിജിയെ 20-ാം നൂറ്റാണ്ടിലെ മാനേജ്മെന്റ് ഗുരുവായാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ലെയാ വെൽസ് എന്ന ഗാന്ധിയൻ ഗവേഷകന്റെ നേതൃത്വത്തിൽ കാലിഫോർണിയയിൽ പതിനായിരം വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് ഗാന്ധിയൻ ചിന്താ പ്രചരണത്തിനും പഠനത്തിനുമായി ഒരു കോർ ഗ്രൂപ്പ് രൂപീകരിച്ചിരിക്കുന്നു. ബെർലിനിൽ ഒരു പ്രശസ്തമായ സ്കൂൾ ഗാന്ധിജിയുടെ പേര് ചേർത്ത് പുനർനാമകരണം ചെയ്യുകവരെയുണ്ടായി. പാശ്ചാത്യസമൂഹം വികസനത്തിന്റെ പരകോടിയിൽ എത്തിക്കഴിഞ്ഞു. ഇനി അവർ ലാളിത്യത്തിലേക്ക് തിരിഞ്ഞു നടക്കുകയാണ്.

കടപ്പാട്. ദി ഹിന്ദു 09.11.2005

**ഇന്നത്തെ ഡാറ്റാ സെന്ററുകൾ വൻതോതിലാണ് വൈദ്യുതി ഉപയോഗിക്കുന്നത്. അമേരിക്കയിലെ ഡാറ്റാ സെന്ററുകൾ വർഷത്തിൽ 4.5 ബില്ല്യൻ കിലോവാട്ട് വൈദ്യുതി ഉപയോഗിക്കുന്നതായി അമേരിക്കയിലെ ഒരു പരിസ്ഥിതി സംഘടന പറയുന്നു. വലിയ ഡാറ്റാ സെന്ററുകൾ ഉള്ള കമ്പനികൾക്ക് സമീപ ഭാവിയിൽ തന്നെ അധിക അളവിൽ ശീതീകരണിക്കും മറ്റു സൗകര്യങ്ങൾക്കുമായി വൈദ്യുതി ഉപയോഗം കൂട്ടേണ്ടതായി വരും.**

# ഗ്രീൻ ഐ.ടി. പ്രസക്തമാവുമ്പോൾ

**ലി.മാ. ന്യൂസ്**



ഐ.ടി.മേഖലയിൽ വർദ്ധിച്ചു വരുന്ന ഇന്ധന ഉപഭോഗവും ഇന്ധനച്ചെലവും ഇപ്പോൾ ഐ.ടി.കമ്പനികളുടെ കണ്ണ് തുറപ്പിച്ചിരിക്കുകയാണ്.

അമേരിക്കയിൽ ഫെഡറൽ ഡാറ്റാ സെന്ററുകൾ പരമാവധി 'ഗ്രീൻ' ആക്കുവാൻ തീരുമാനമായിരിക്കുന്നു. സെർവറുകൾ, പേഴ്സണൽ കമ്പ്യൂട്ടർ, ഡെസ്ക്ടോപ്പ് ഇവകളിലൂടെ ഉപയോഗിക്കപ്പെടുന്ന ഊർജ്ജ വിനിയോഗം ഇപ്പോൾ പഠനവിധേയമാക്കുകയാണ്. ഊർജ്ജ വിനിയോഗത്തിൽ ധാരാളം നഷ്ടം വരുന്നതായി മനസ്സിലാക്കപ്പെടുന്നു. ഇന്നത്തെ ഡാറ്റാ സെന്ററുകൾ വൻതോതിലാണ് വൈദ്യുതി ഉപയോഗിക്കുന്നത്. അമേരിക്കയിലെ ഡാറ്റാ സെന്ററുകൾ വർഷത്തിൽ 4.5 ബില്ല്യൻ കിലോവാട്ട് വൈദ്യുതി ഉപയോഗിക്കുന്നതായി അമേരിക്കയിലെ ഒരു പരിസ്ഥിതി സംഘടന പറയുന്നു. വലിയ ഡാറ്റാ സെന്ററുകൾ ഉള്ള കമ്പനികൾക്ക് സമീപ ഭാവിയിൽ തന്നെ അധിക അളവിൽ ശീതീകരണിക്കും മറ്റു സൗകര്യങ്ങൾക്കുമായി വൈദ്യുതി ഉപയോഗം കൂട്ടേണ്ടതായി വരും.

60 മുതൽ 70 വരെ ശതമാനം ഊർജ്ജവും സർവറുകൾ പ്രവർത്തിപ്പിക്കാനും ബാക്കി ഊർജ്ജം സർവറുകളെ തണുപ്പിക്കുന്നതിനുള്ള കൂളർ പ്രവർത്തിപ്പിക്കാനുമാണ് ഉപയോഗിക്കപ്പെടുന്നത്. പല ഡാറ്റാ സെന്ററുകളിലും ആവശ്യത്തിന് മാത്രം സർവറുകൾ പ്രവർത്തിപ്പിക്കുന്ന രീതി തുടങ്ങിക്കഴിഞ്ഞു. അമ്പത് ശതമാനം കണ്ട് ഊർജ്ജ ഉപയോഗം കുറക്കുവാൻ ലക്ഷ്യമിട്ടാണ് ഐ.ടി. രംഗത്തെ 'ഗ്രീൻ' പരിഷ്കാരങ്ങൾ നടപ്പാക്കുന്നത്.

ഓരോ ഐ.ടി. കമ്പനികളും അവരുടെ കാർബൺ ഫുട്പ്രിന്റ് നിരീക്ഷിച്ചു കൊണ്ടാണ് ഗ്രീൻ ഐ.ടി. നയം നടപ്പാക്കുന്നത്. സ്ക്രീൻ സേവർ ഉള്ള കമ്പ്യൂട്ടർ 100 വാട്ട് വൈദ്യുതി ഉപയോഗിക്കുമ്പോൾ സ്ലീപ് മോഡിലുള്ളതാവണ്ട 10 വാട്ട് മാത്രമേ ഉപയോഗിക്കുന്നുള്ളൂ.

ഉപയോഗിക്കാത്തപ്പോൾ കണക്ഷൻ വിച്ഛേദിച്ചു കൊണ്ടുള്ള ഉപയോഗം നടപ്പാക്കിയാൽ വലിയ ഊർജ്ജനഷ്ടം തന്നെ ഒഴിവാക്കാം.

ഏതായാലും ഗ്രീൻ ഐ.ടി. നമുക്കും പ്രചരിപ്പിക്കാം. ●

# പുതിയ പുരുഷൻ ഇന്നും അകലെ...

ഒന്നര മണിക്കൂർ സമയം വീട് വൃത്തിയാക്കുന്നതിനും ക്ഷണം പാകം ചെയ്യുന്നതിനുമായി ചിലവഴിക്കുന്നു. ഇതിനെ അപേക്ഷിച്ച് പുരുഷന്മാർ ശരാശരി 45 മിനിട്ടാണ് ഇതിനായി ചെലവഴിക്കുന്നത്. കുട്ടികളുടെ സംരക്ഷണ കാര്യത്തിൽഅമേരിക്കയിലെ സ്ത്രീകൾ ശരാശരി ഒന്നര മണിക്കൂർ സമയം ചെലവഴിക്കുമ്പോൾ ശരാശരി പുരുഷന്മാർ 50 മിനിട്ടാണ് ചെലവഴിക്കുന്നത്. 6 വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുള്ള സ്ത്രീകളുടെ കാര്യത്തിൽ ഈ സമയം 2 മണിക്കൂർ 20 മിനിട്ടായി ഉയരുന്നതായി പഠനം കാണിക്കുന്നു. വാരാന്ത്യത്തിലെ അവധി ദിനങ്ങളിൽ സ്ത്രീകൾ കൂടുതൽ സമയം (2 മണിക്കൂർ 21 മിനിട്ട്) വീട്ടുജോലിക്കായി നീക്കിവെക്കുന്നു. എന്നാൽ പുരുഷന്മാർ ടി.വി. കാണുന്ന സമയം ഇരട്ടിയാക്കുന്നു (2 മണിക്കൂർ 12 മനിട്ട്). ഉറക്കത്തിന്റെ കാര്യത്തിലാണ് ഏകദേശം സ്ത്രീ പുരുഷ തുല്യത ഉള്ളത്. ശരാശരി ഏഴര മണിക്കൂർ.

ഒരു ദിവസത്തെ സർവ്വേയിൽ പങ്കെടുത്ത സ്ത്രീകളോടും പുരുഷന്മാരോടും 24 മണിക്കൂറിനിടയിൽ തങ്ങൾ ഓരോരോ പ്രവൃത്തിക്കും വേണ്ടി നീക്കിവെക്കുന്ന സമയം ടൈം ചാർട്ടിൽ രേഖപ്പെടുത്താൻ ആവശ്യപ്പെട്ടിരുന്നു. ഈ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു വിശകലനം നടത്തിയത്.

**കടപ്പാട് : ദ ഗാർഡിയൻ**



ഫോട്ടോ: ഹാരിസ് നെൻമേനി

ഹോളണ്ട് സ്കെച്ചുകൾ

# സൈക്കിളേറിയ ജീവിതം

**ലിറ്റിൽ മാസിക സ്പെഷ്യൽ കറസ്പോൺന്റ്
ഹാരിസ് നെന്മേനിയുടെ യാത്രാകുറിപ്പ്**

സൈക്കിൾ നെതർലാന്റ് (ഹോളണ്ട്) കാരുടെ ശരീരത്തിന്റെ ഭാഗം തന്നെയാണ്. ആണെന്നോ പെണ്ണെന്നോ കുട്ടിയെന്നോ വൃദ്ധനെന്നോ വ്യത്യാസമില്ലാതെ എല്ലാവരും സൈക്കിളോടിക്കാൻ ഇഷ്ടപ്പെടുന്നു. പാഠശാലയിലേക്കും ജോലിസ്ഥലത്തേക്കും പോവുമ്പോൾ, പാർട്ടിക്ക് പോവുമ്പോൾ, ഗ്രൗണ്ടിൽ പന്ത് തട്ടാൻ പോവുമ്പോൾ.... എല്ലായ്പോഴും അവർ സൈക്കിളിനെ ഒപ്പം കൂട്ടുന്നു. അതെ, ഹോളണ്ടുകാർക്ക് സൈക്കിൾ ശരീരത്തിന്റെ വേറിട്ടൊരു ഭാഗമാണ്, ശരീരത്തിന്റെ അധിക വളർച്ച തന്നെയാണ്.

## ആകെ ആളുകൾ = ആകെ സൈക്കിൾ

വലിപ്പം കൊണ്ട് നമ്മുടെ കേരളത്തെക്കാളും ഒരിത്തിരിക്കൂടി പോരുന്ന നെതർലാന്റ്സിൽ കേരളത്തിന്റെ പകുതി മാത്രമേ ജനസംഖ്യയുള്ളൂ. കൗതുകകരമായ വസ്തുത പക്ഷെ ഇതല്ല, ആകെ സൈക്കിളുകളുടെ എണ്ണം ഏതാണ്ട് ജനസംഖ്യക്ക് തുല്യമായി വരും. 1,12,00,000 (ഒരു കോടി പന്ത്രണ്ട് ലക്ഷം). ആകെ ജനസംഖ്യയിൽ നിന്ന് സൈക്കിളോടിക്കാനാവാത്ത കുഞ്ഞുകുട്ടികളുടെ എണ്ണം കുറച്ചാൽ ആളുകളേക്കാളും കൂടുതൽ സൈക്കിളുകളാവും.

അപ്രതീക്ഷിതമായി സൂര്യൻ തലവെട്ടം കാണിച്ച ഒരു വൈകുന്നേരത്താണ് സൈക്കിളിൽ സായാഹ്ന സവാരിക്കിറങ്ങിയ ജാപ്ഹോഗിനേയും വാൻപൗൾസണേയും പരിചയപ്പെട്ടത്. ആളധികമില്ലാത്തൊരു പാർക്കിൽ വളരെ ഗോപ്യമായിരുന്നു പുകവലിക്കുകയായിരുന്നു കാരണവന്മാർ. സംഭാഷണത്തിനിടെ ജാപ്പിനോട് സൈക്കിളിനെപ്പറ്റി വെറുതെ ചോദിച്ചു: ഇത് പുതിയ മാതൃകയിലുള്ള ഒന്നാണെന്ന് തോന്നുന്നു . ജാപ്പ് എന്നെ സൂക്ഷിച്ചു നോക്കി. പിന്നെ വിടർന്ന് ചിരിച്ചു കൊണ്ട് പറഞ്ഞു: പുതിയ മോഡലോ? കൊള്ളാം! എത്ര കുറച്ചാലും ഇതിന് താങ്കളെക്കാളും പ്രായം കാണും. കഴിഞ്ഞ 35 വർഷമായി ഇവനാണെന്റെ കുതിര. ജാപ്പിന്റെ സ്യഹൃത്തിനുമുണ്ടൊരു സൈക്കിൾ, ഡൺലപ്പിന്റെ പരസ്യം പേറുന്ന ഒന്ന്. എത്രകാലമായി സൈക്കിളോടിക്കുന്നു സർ? ജാപ്പിന്റെ സുഹൃത്തിനോട് ചോദിച്ചു. കണക്കു കൂട്ടാനെന്നവണ്ണം വൃദ്ധൻ കുറച്ച് സമയമെടുത്തു. പിന്നെ കൈയ്യിലെ സിഗററ്റ് കുത്തിയണച്ച് കൊണ്ട് പറഞ്ഞു: ഒരു എട്ട് പതിറ്റാണ്ടെങ്കിലും..! സത്യത്തിൽ ഹോളണ്ടിൽ അമ്മമാർ കുട്ടികളെ പെറ്റിടുന്നത് തന്നെ സൈക്കിളിലേക്കാണ്. പിച്ച വെക്കാൻ തുടങ്ങുമ്പോൾ തന്നെ ഞങ്ങളുടെ കുട്ടികൾ സൈക്കിളോടിക്കാനും പഠിക്കുന്നു .

## ഇത്തിരി ചരിത്രം

സ്കോട്ട്ലാന്റ്കാരനായ മക്മില്ലൻ സൈക്കിൾ കണ്ടുപിടിച്ചത് 1839 ലാണ്. ഹോളണ്ടുകാരുടെ സൈക്കിളോട്ടചരിത്രത്തിനും അത്രയും തന്നെ പഴക്കമുണ്ട്. 1892 ൽ പ്രവർത്തനമാരംഭിച്ച ഗാസല്ലേ (Gazelle) ആണ് ഹോളണ്ടിലെ പ്രമുഖ സൈക്കിൾ നിർമ്മാതാക്കൾ. ഒരു വർഷം ഇവർ 4 ലക്ഷത്തോളം സൈക്കിളുകൾ വിപണിയിലിറക്കുന്നു. ഡൺലപ്പാണ് മറ്റൊരു പ്രധാന സൈക്കിൾ നിർമ്മാണ കമ്പനി. ആംസ്റ്റർഡാമിലും റോട്ടർഡാമിലുല്ലോമാണ് പ്രധാന നിർമ്മാണ കമ്പനികളെല്ലാം പ്രവർത്തിക്കുന്നത്.

## വഴി മാറുക, സൈക്കിൾ വരുന്നു

സൈക്കിളുമായി ജനതക്കുള്ള ആത്മബന്ധം അറിഞ്ഞുകൊണ്ടുള്ള സൗകര്യങ്ങൾ തന്നെയാണ് രാജ്യത്തെങ്ങും ഒരുക്കിയിട്ടുള്ളത്. ചെറുപട്ടണങ്ങളിലുൾപ്പെടെ എല്ലായിടത്തും സൈക്കിളുകൾക്ക് മാത്രമായി ട്രാക്കുകളുണ്ട്. റോഡിന് ഇരു പാർശ്വങ്ങളിലും ആവശ്യമായ വീതിയിൽ കുണ്ടും കുഴിയുമൊന്നുമില്ലാത്ത പാതകൾ. പ്രധാനപ്പെട്ട എല്ലാ ഓഫീസുകളുടേയും സ്ഥാപനങ്ങളുടേയും സമീപവും സൂപ്പർ മാർക്കറ്റുകളുടേയും പബ്ബുകളുടേയും ഹോട്ടലുകളുടേയും പാർക്കിംഗ് ഏരിയയിലും സൈക്കിളുകൾ നിർത്തിയിടാൻ പ്രത്യേകം ഇടം സജ്ജമാക്കിയിട്ടുണ്ടാവും. എല്ലാ പാതയോരങ്ങളിലും സൈക്കിൾ പാർക്കിംഗിന്

പ്രത്യേകം സ്ഥലങ്ങളുണ്ട്. റെയിൽവേ സ്റ്റേഷനുൾവശത്തേക്കും സൈക്കിളിൽ തന്നെ വന്നെത്താം. പടികളില്ലാത്ത സിമന്റ് പാകിയ വഴികൾ റയിൽവേ ട്രാക്കിനു സമീപം വരെ നീളുന്നു. എന്തിനധികം ട്രെയിനിനകത്തു പോലും സൈക്കിൾ നിർത്തിയിടാൻ സ്ഥലമുണ്ട്. ഓരോ കമ്പാർട്ടുമെന്റിനോടനുബന്ധിച്ചും കാണാം മൂന്നോ നാലോ സൈക്കിളുകൾ. വീട്ടിൽ നിന്നിറങ്ങി സൈക്കിളോടിച്ച് ട്രയിൻ കയറാം. ട്രയിനിറങ്ങി സൈക്കിളോടിച്ച് ഓഫസിലേക്കോ കോളെജിലേക്കോ നീങ്ങാം. മടക്കവും ഇത് പോലെ തന്നെയാവാം.

പോളണ്ടിലെ പ്രധാന പട്ടണമായ ആംസ്റ്റർഡാമിനെ സൈക്കിളോട്ടക്കാരുടെ തലസ്ഥാനമെന്ന് വിശേഷിപ്പിക്കാം. മറ്റു വാഹനങ്ങളുടെ ആകെയെണ്ണം ചേർത്താലും ഇവിടെ സൈക്കിളിനൊപ്പമെത്തില്ല. ആംസ്റ്റർഡാമും ഉത്രച്ചുമടക്കമുള്ള വൻനഗരങ്ങളിൽ പ്രത്യേക ട്രാക്കുകൾ മാത്രമല്ല ട്രാഫിക് സിഗ്നൽ ലൈറ്റുകൾ പോലുമുണ്ട് സൈക്കിളുകൾക്ക്!

ഹോളണ്ടിൽ വന്നിറങ്ങിയ ആദ്യദിവസം തന്നെ താമസിച്ചിരുന്ന ഹോട്ടലിൽ നിന്നു കിട്ടിയ ലഘുലേഖയിൽ നൽകിയിരുന്ന മുന്നറിയിപ്പ് ഇങ്ങനെയാണ്: ഹോളണ്ടിലെ റോഡുകളിൽ നിങ്ങൾ സൈക്കിൾ യാത്രക്കാരെ ശ്രദ്ധിക്കുക. മറ്റ് വാഹനങ്ങൾ നിരത്തിലേക്ക് കാലൂന്നുമ്പോൾ നിങ്ങൾക്ക് ഉയർന്ന പരിഗണന നൽകും. സീബ്രാ ലൈനിലെങ്കിൽ പ്രത്യേകിച്ചും. പക്ഷെ സൈക്കിൾ ട്രാക്കിലേക്ക് കാലൂന്നുമ്പോൾ അങ്ങനെയൊന്ന് നിങ്ങൾ പ്രതീക്ഷിക്കരുത്. എന്തെന്നാൽ നെതൽലാന്റ്സിലെ നിരത്തുകൾ അവരുടേതാകുന്നു.

## ആഹോ, എന്തുവില ഈ സൈക്കിളിന്...!

"അമ്പമ്പോ ഇത്രയും വിലയോ? ഞങ്ങളുടെ നാട്ടിൽ ഈ തുകയ്ക്ക് സൈക്കിളല്ല മോട്ടോർ ബൈക്ക് തന്നെ വാങ്ങാം". ഹേഗിലെ ഒരു സൈക്കിൾ ഷോറൂമിൽ വെറുതെ കറങ്ങി നടക്കുന്നതിനിടെ ഒരു സൈക്കിളിന്റെ വില അന്വേഷിച്ചശേഷം കൂടെയുണ്ടായിരുന്ന നേപ്പാളുകാരൻ ചന്ദ്ര ബഹാദുർ അത്ഭുതപ്പെട്ടു. അൽപ്പം അതിശയോക്തി കലർന്നതാണെങ്കിലും അത്ഭുതത്തിൽ കാര്യമില്ലാതില്ല. ഒരു പുത്തൻ സൈക്കിളിന് നെതർലാന്റ്സിൽ നൽകേണ്ട യൂറോയുടെ വില ഇന്ത്യൻ രൂപയിലേക്ക് മാറ്റി നോക്കുമ്പോൾ നമുക്ക് ഇന്ത്യയിലും ഒരു സെക്കന്റ് ഹാന്റ് ബൈക്ക് എങ്കിലും വാങ്ങാം. സൈക്കിളുകളുടെ വിലയാരംഭിക്കുന്നത് 180 യൂറോ മുതലാണ്. തരക്കേടില്ലാത്ത ഒരു മോഡൽ കിട്ടണമെങ്കിൽ 250 യൂറോ നൽകണം. സൗകര്യങ്ങളും ഗുണനിലവാരവും കൂടുന്നതിനനുസരിച്ച് വില പിന്നെയും മുകളിലേക്ക് ഉയരുന്നു. 350 - 400 യൂറോ വരെയാകും (ഏതാണ്ട് 27,000 ഇന്ത്യൻ രൂപ) 500 യൂറോയുടെ സൈക്കിളുകളും വിപണിയിലുണ്ട്.

സെക്കന്റ് ഹാന്റ് സൈക്കിളുകളും ധാരാളമായി ലഭ്യമാണ്. യൂസ്ഡ് മാർക്കറ്റുകളിൽ ഇവ 75 യൂറോ മുതൽ മുകളിലേക്ക് വിലയിട്ടു വിൽക്കുന്നു. ഇവിടെയാവുമ്പോൾ അൽപ്പസ്വൽപ്പം വില പേശലുമാവാം. ഒരു പരിധി വിട്ട് വില കുറയില്ലെന്ന് മാത്രം. ഗിയറുള്ളവയും അല്ലാത്തവയും ആയ പല മോഡലുകളിലുമുള്ള സൈക്കിളുകൾ ലഭ്യമാണെങ്കിലും ഡച്ചുകാർ സൈക്കിൾ തെരഞ്ഞെടുക്കുമ്പോൾ സൗകര്യത്തിനും ഉപയോഗക്ഷമതക്കുമാണ് പ്രാധാന്യം നൽകുക എന്ന് വാഗനിംഗനിൽ വെച്ച് പരിചയപ്പെട്ട സിയറപ്പ് വാൻ ബോന്റ് പറഞ്ഞു.

ഒരാൾക്ക് മാത്രം സവാരി നടത്താവുന്നത്, രണ്ട് പേർക്കിരുന്ന് യാത്ര ചെയ്യാവുന്നത്, കുട്ടികളെ ഇരുത്താനും സാധനങ്ങൾ വയ്ക്കാനും കൊട്ട ഘടിപ്പിച്ചത്... അങ്ങനെ പലതരം മോഡലുകൾ. മിക്കവാറും എല്ലാ സൈക്കിളുകൾക്കും പിറകിൽ കാരിയറിൽ നിന്ന് ഇരുവശത്തേക്കും തൂങ്ങിക്കിടക്കുന്ന രണ്ടു പെട്ടികൾ കൂടി കാണാം. സൈക്കിൾ ബന്ധിക്കാനുള്ള ചങ്ങലയും പൂട്ടുമാണ് ഒന്നിലുമുണ്ടാവുക. രണ്ടാമത്തെ പെട്ടി മറ്റ് അവശ്യവസ്തുക്കൾ സൂക്ഷിക്കാനുപയോഗിക്കുന്നു.

## ബൈസിക്കിൾ തീവ്സ്

ഹോളണ്ടിൽ ഏറ്റവുമധികം മോഷണം പോവുന്ന വസ്തു സൈക്കിളാണത്രെ! ഒരു കൗതുകത്തിനും രസത്തിനും അടിച്ചു മാറ്റുന്നതാണെന്ന് കരുതിയാൽ തെറ്റി. സൈക്കിളിന്റെ വില തന്നെയാണ് മോഷ്ടാക്കളെ പ്രലോഭിപ്പിക്കുന്നത്. ഒരു സൈക്കിൾ ചുമ്മാതെ ചൂണ്ടി ഒരു സെക്കന്റ്സ് മാർക്കറ്റിൽ കൊടുത്താൽ യൂറോ നൂറ് കൈയ്യിൽ വരും (ഒന്ന് ട്രൈ ചെയ്താലോ എന്ന് ഗ്രൂപ്പിലുണ്ടായിരുന്ന സിംബാബ്‌വേക്കാരൻ റോബർട്ട് മഖാംബേയുടെ തമാശ).

സൈക്കിൾ പാർക്കിംഗിന് സൗകര്യമുള്ളയിടങ്ങളിലെല്ലാം അത് പൂട്ടിവെക്കാനും സൗകര്യമുണ്ട്. ഇരുമ്പിൽ തീർത്ത സൈക്കിൾ ലോക്ക് സ്റ്റാന്റുകൾ. ഇതിലേക്ക് സൈക്കിൾ ചേർത്ത് നിർത്തി കൂടെ കൊണ്ടുവരുന്ന കട്ടിച്ചങ്ങലയുപയോഗിച്ച് പൂട്ടിവെക്കാം. രണ്ട് പൂട്ടുകൾ എല്ലാ സൈക്കിളിനും കാണും. ഒന്ന് നമ്മുടെ നാട്ടിലേത് പോലെ ചക്രത്തോട് ചേർന്ന്. മറ്റൊന്ന് സ്റ്റാന്റിലോ മരത്തിലോ ചേർത്ത് ഇടുന്ന ചങ്ങല. മൂന്ന് പൂട്ടുകൾ ഉള്ള സൈക്കിളുകളും അപൂർവ്വമല്ല.

## നമുക്കുള്ള പാഠങ്ങൾ

സൈക്കിളിനെക്കുറിച്ചെഴുതാൻ ആലോചിക്കുന്നു എന്നറിഞ്ഞപ്പോൾ മൂന്നാഴ്ച മുമ്പ് ബി.ബി.സി. പ്രക്ഷേപണം ചെയ്ത ഒരു വാർത്തയെക്കുറിച്ച് പറഞ്ഞു കൂടെയുണ്ടായിരുന്ന ഘാനക്കാരൻ മുഹമ്മദ് അബ്ദുൾ കരീം. സ്വിറ്റ്സർലാന്റിലെ പ്രധാനമന്ത്രി സൈക്കിളോടിച്ച് ഓഫീസിലെത്തിയതായിരുന്നത്രേ ആ കൗതുക വാർത്ത. ഊർജ്ജം സംരക്ഷിക്കുന്നതിന്റേയും പരിസരമലിനീകരണം കുറക്കുന്നതിന്റേയും ഭാഗമായിരു

# ഒടുവിൽ താനെ പട്ടണവും സൈക്കിൾ പാത നിർമ്മിക്കുന്നു

**റെജിൽ മേനോൻ, താനെ**

മുംബൈ സബർബിലെ റസിഡൻഷ്യൽ ഏരിയകളെ ബന്ധിപ്പിക്കാൻ 82 കി.മീ. സൈക്കിൾ പാത നിർമ്മിക്കുന്നു.

മുംബൈ നഗരത്തിൽ വടപാവ് വിറ്റ് ജീവിക്കുന്ന ഇരുപത്തിനാലുകാരൻ പ്രവീൺ പാണ്ടുരംഗ് ദിവസേന 7 കി.മീ. സൈക്കിളിൽ വീട്ടിൽ നിന്ന് തൊഴിലിന്റെ ഭാഗമായി യാത്ര ചെയ്യുന്നു. കനത്ത ട്രാഫിക്കിൽ പെട്ട് പലപ്പോഴും സമയത്ത് എത്താൻ പറ്റാറില്ല. "കൽവനാകാ പാലം കടക്കാൻ വാഹനപ്പുഴ നിമിത്തം വളരെ പ്രയാസപ്പെടാറുണ്ട്. സൈക്കിൾ യാത്രക്കാർക്ക് സഞ്ചരിക്കാൻ ഒരു പാതയുണ്ടായിരുന്നെങ്കിൽ എന്റെ തൊഴിലും ജീവിതവും തന്നെ മെച്ചമാകുമായിരുന്നു". പ്രവീൺ പറയുന്നു.

മുംബൈ പോലുള്ള വൻനഗരങ്ങളിലും മറ്റു പല ഇടത്തരം ഇന്ത്യൻ നഗരങ്ങളിലും തൊഴിലാളികൾ, കച്ചവടക്കാർ, ഉദ്യോഗസ്ഥർ, വിദ്യാർത്ഥികൾ ഇവർക്ക് ട്രാഫിക്ക് ജാമിൽപ്പെടാതെ കൃത്യസമയത്ത് എളുപ്പത്തിൽ എത്താവുന്ന സൈക്കിൾ പാത വലിയ അനുഗ്രഹം തന്നെയായിരിക്കും. താനെ മുനിസിപ്പൽ കോർപ്പറേഷൻ ഇപ്പോളിതാ താനെയിൽ 82 കി.മീ. ദൂരത്തിൽ സൈക്കിൾ പാത നിർമ്മിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. നിലവിലുള്ള റോഡിൽ 2 മീറ്റർ സ്ഥലം ആണ് ഇപ്രകാരം സൈക്കിൾ യാത്രക്കാർക്കായി നീക്കി വെച്ചിരിക്കുന്നത്.

കോർപ്പറേഷൻ എഞ്ചിനീയർ കെ.ഡി. ലാലാ പറയുന്നത് സൈക്കിൾ പാത വരുന്നതോടെ അന്തരീക്ഷ മലിനീകരണം 20 ശതമാനം കണ്ട് കുറയും എന്നാണ്. 275 കോടി രൂപയാണ് 52 കി.മീ. സൈക്കിൾ പാതക്ക് വകയിരുത്തിയിരിക്കുന്നത്.

സാധാരണ നിരത്തുകളിലൂടെ സൈക്കിൾ സവാരിക്ക് ജനത്തിന് ഇപ്പോൾ ഭയമാണ്. കുതിച്ചു പായുന്ന വാഹനങ്ങൾ അപായപ്പെടുത്തുമോ എന്ന ഭയം!

കാനഡയിൽ നിന്നുള്ള ഒരു ഏജൻസി നടത്തിയ കണക്കു പ്രകാരം 2004 ൽ താനെയിൽ 5000 സൈക്കിളുകൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ 1900 സൈക്കിൾ ആയി കുറഞ്ഞിരിക്കുന്നു !

ഏതായാലും സൈക്കിൾ പാത യാഥാർത്ഥ്യമായാൽ ഒരു മണിക്കൂർ സവാരി ഇരുപത് മിനിറ്റ് കൊണ്ട് തീർക്കാം എന്ന ആശ്വാസമാണ് പ്രവീൺ എന്ന വട വിൽപ്പനക്കാരന് !

ഡൗൺ ടു എർത്ത് (മാർച്ച് 01-15-2009)



ന്നത്രേ ഇത് (നമ്മുടെ നാട്ടിൽ തെരഞ്ഞെടുപ്പ് കാലത്ത് മാത്രം ലാളിത്യം ഭാവിച്ച് സൈക്കിളിലും സൈക്കിൾറിക്ഷയിലും വോട്ട് തേടിയെത്തുന്ന ചില നേതാക്കന്മാരെ ഓർക്കാതിരിക്കാനായില്ല അത് കേട്ടപ്പോൾ)

സ്വിസ് പ്രധാനമന്ത്രിയോളമൊന്നും പ്രമുഖനല്ലെങ്കിലും ഒദ്യോഗിക ജീവിതത്തിൽ സൈക്കിൾ സഞ്ചാരോപാധിയാക്കിയ പല പ്രമുഖരേയും ഹോളണ്ടിൽ കാണാനിടയായി. വാഗനിംഗൻ ഇന്റർനാഷണൽ യൂണിവേഴ്സിറ്റിയിൽ ഒരന്താരാഷ്ട്ര സെമിനാറിൽ പ്രബന്ധമവതരിപ്പിക്കാൻ സൈക്കിളോടിച്ചെത്തിയ പ്രൊഫസർ ജെയ്ൻ റെയ്മ്പനെ പരിചയപ്പെടാനിടയായി.

അവതരിപ്പിച്ച പ്രബന്ധത്തെക്കാളുപരി ഓടിച്ചു വന്ന സൈക്കിളിനെ ക്കുറിച്ചറിയാനാണ താൽപ്പര്യമെന്ന് പറഞ്ഞപ്പോൾ അദ്ദേഹത്തിന് ആവേശമായി. ഞാൻ ഇന്ത്യയിലും നേപ്പാളിലുമെല്ലാം വന്നിട്ടുണ്ട്. നിങ്ങൾ ഏഷ്യക്കാർക്ക് സൈക്കിളോടിക്കൽ അത്ര അനായാസമാവില്ല എന്നറിയാം. കാലാവസ്ഥയും ഭൂഘടനയുമെല്ലാം അങ്ങനെയാണല്ലോ. പക്ഷക്ഷെ ഇവിടെ ഞങ്ങൾക്കിത് രണ്ടും അനുകൂലമാണ്. റെയ്ബാൻ പറഞ്ഞു തുടങ്ങി.

സൈക്കിളുമായി നിരത്തിലിറങ്ങാൻ പറ്റാത്ത ചൂട് ഞങ്ങൾക്കങ്ങനെ ഉണ്ടാവാറില്ല. തണുപ്പത്തും മഴയത്തുമെല്ലാം ഞങ്ങൾ കോട്ടുമിട്ട് സൈക്കിളോടിച്ച് തന്നെ പുറത്തിറങ്ങുന്നു. ശരീരം ചൂടായി നിലനിർത്താൻ അത് ആവശ്യമാണ് താനും. പിന്നെ സൈക്കിളോടിക്കാൻ വേണ്ടി സൃഷ്ടിക്കപ്പെട്ട ഭൂഭാഗമാണ് ഞങ്ങളുടേതെന്ന് തോന്നാറുണ്ട് പലപ്പോഴും. 3000 സെന്റീമീറ്റർ (30 മീറ്റർ) ഉയരമുള്ള കുന്നാണ് ഞങ്ങളുടെ രാജ്യത്തെ ഏറ്റവും വലിയ മല. അതിനാൽ മൂന്ന് മീറ്ററിലേറെ ഉയരമുള്ള എന്തിനെയും ഞങ്ങൾ കുന്നെന്ന് വിളിക്കുന്നു .നേപ്പാളിലെയും ഇന്ത്യയിലേയും കുന്നിൻ മണ്ടകളിലൂടെ സഞ്ചരിച്ചിട്ടുള്ള റെയ്മ്പാൻ പറഞ്ഞു. സൈക്കിളോടിക്കുന്നതിന്റെ ഗുണങ്ങളെപ്പറ്റിയും ഏറെ പറയാനുണ്ട് അദ്ദേഹത്തിന്. "രാവിലെ തണുപ്പത്ത് സൈക്കിളും ചവിട്ടി ഓഫീസിലെത്തുമ്പോഴേക്ക് നമ്മളാകെയൊന്ന് വാം ആവും. മടിയെല്ലാം പോവും. പിന്നെ ജോറായി പണി തുടങ്ങാം. സഞ്ചരിക്കേണ്ട ദൂരം ഒരു അഞ്ച് - എട്ട് കി.മീ. വരെയൊകക്കെയാണെങ്കിൽ ഞാൻ മിക്കവാറും സൈക്കിളിൽത്തന്നെ യാത്ര ചെയ്യും (തൃശൂർ ജില്ലയിലെവിടെയും സൈക്കിളിൽ മാത്രം യാത്ര ചെയ്യുന്ന സുഹൃത്ത് ഹരി പാമ്പൂരിനെ ഞാനപ്പോൾ ഓർത്തു). പിന്നെയൊര രഹസ്യം പറയുമ്പോലെ റെയ്മ്പാൻ തുടർന്നു: ഒരു കണക്കിന് അതാണ് ഇക്കണോമിക്കൽ. ബസ്സിന് മിനിമം 2 ! യൂറോ (170 രൂപ) കൊടുക്കണം ഏത് ചെറിയ ദൂരത്തേക്കും.

സംസാരത്തിനിടെ ഡച്ചുകാരുടെ പ്രിയ വിനോദമായ ഫുട്ബാളും കടന്നു വന്നു. ലോക കപ്പിലും യൂറോയിലുമെല്ലാം കളിക്കുന്ന ഹോളണ്ട് ദേശീയ ടീമിന് നമ്മുടെ കൊച്ചു കേരളത്തിൽ വലിയ പിന്തുണയുണ്ടെന്നും നിങ്ങളുടെ പൊക്കക്കാരൻ ഗോളി എഡ്വിൻ വാണ്ടർസറും പഴയ പ്രാങ്ക് റെക്കാർഡുമെല്ലാം എന്റെയും ഇഷ്ടതാരങ്ങളാണെന്നും പറഞ്ഞപ്പോൾ റെയ്ബാന് അത്ഭുതമായി. ഫുട്ബാളിനെ ചുറ്റിപ്പറ്റി മുമ്പോട്ടുപോയ സംസാരം ക്രമേണ സൈക്കിളിലേക്ക് തന്നെ തിരികെ വന്നു.

നിങ്ങളുടെ ഓരോ ഫുട്ബോൾ സ്റ്റേഡിയത്തിനും സമീപം ധാരാളം സൈക്കിളുകൾ കാണാമെന്നും ചെറുപ്പക്കാർ സൈക്കിളുമായി പന്ത് തട്ടാൻ പുറപ്പെടുന്നു എന്നുമുള്ള നിരീക്ഷണം ഞാൻ പറഞ്ഞപ്പോൾ സൈക്കിളും ഫുട്ബോളുമായുള്ള ബന്ധത്തെക്കുറിച്ച് റെയ്ബാൻ വാചാലനായി പന്ത് തട്ടാൻ ഫിറ്റ്നസ് പ്രധാനമാണല്ലോ? ഉറച്ച കാലുകളും. സൈക്കിളേടിക്കുന്നതിലൂടെ ഇത് രണ്ടും ലഭിക്കുന്നു. പിന്നെ റോഡുകളിൽ തിരക്കു കുറച്ചു നിർത്തുന്നതിനും ട്രാഫിക്ക് കുരുക്കുകൾ ഒഴിവാക്കുന്നതിനും സൈക്കിൾ സഞ്ചാരം ഞങ്ങളെ സഹായിക്കുന്നുണ്ട് .

ഒരാളാണെങ്കിൽ പോലും പടുങ്കൻ കാറുമെടുത്ത് നഗരത്തിലേക്കിറങ്ങുന്ന നമ്മുടെ നാട്ടിലെ ദൃശ്യങ്ങൾ ഈ സമയത്തിലേക്കിറങ്ങുന്ന നമ്മുടെ നാട്ടിലെ ദൃശ്യങ്ങൾ ഈ സമയത്ത് മനസ്സിലേക്കെത്താതിരുന്നില്ല. സാധ്യമായിടത്തെല്ലാം സൈക്കിളുപയോഗിക്കുന്നത് നമ്മളും ശീലമാക്കിയാൽ എന്തെന്തു മാറ്റങ്ങൾക്ക് അത് കാരണമാവില്ല?

ട്രാഫിക് ജാമുകൾ, റോഡപകടങ്ങൾ, പുകമലിനീകരണം, ശബ്ദശല്യം തുടങ്ങിയ പ്രശ്നങ്ങളിലെല്ലാം നേരിട്ടുള്ള മാറ്റങ്ങൾക്ക് അത് സഹായകമാവും. ഇന്ധന പ്രതിസന്ധിയുടെ കാര്യത്തിലും സൈക്കിളുപയോഗം അനുഗുണമായ മാറ്റങ്ങളുണ്ടാക്കും.

അക്കാര്യം തന്നെ സൂചിപ്പിച്ചാണ് റെയ്മ്പനും സംസാരമവസാനിപ്പിച്ചത്. നിങ്ങൾ കാണുന്നത് പോലെ തന്നെ ഞങ്ങളുടെ ജീവിതം ഊർജ്ജത്തോട് വളരെയധികം കടപ്പെട്ടാണിരിക്കുന്നത്. റൂം ഹീറ്ററുകൾ പ്രവർത്തിപ്പിക്കാനും കനാലിലെ ജലം പമ്പ് ചെയ്തു കളയാനും തുടങ്ങി എല്ലാ

സ്കോട്ട്ലാന്റ്കാരനായ മക്മില്ലൻ സൈക്കിൾ കണ്ടുപിടിച്ചത് 1839ലാണ്. ഹോളണ്ടുകാരുടെ സൈക്കിളോട്ടചരിത്രത്തിനും അത്രയും തന്നെ പഴക്കമുണ്ട്. 1892ൽ പ്രവർത്തനമാരംഭിച്ച ഗാസല്ലേ (Gazelle) ആണ് ഹോളണ്ടിലെ പ്രമുഖ സൈക്കിൾ നിർമ്മാതാക്കൾ. ഒരു വർഷം ഇവർ 4 ലക്ഷത്തോളം സൈക്കിളുകൾ വിപണിയിലിറക്കുന്നു. ഡൺലപ്പാണ് മറ്റൊരു പ്രധാന സൈക്കിൾ നിർമ്മാണ കമ്പനി. ആംസ്റ്റർഡാമിലും റോട്ടർഡാമിലുല്ലൊമാണ് പ്രധാന നിർമ്മാണ കമ്പനികളെല്ലാം പ്രവർത്തിക്കുന്നത്.

# മുഖം എന്ന മാസികയും അതിന്റെ സാംസ്ക്കാരിക ഇടപെടലും

ചന്ദ്രബാബു തൃക്കലങ്ങോട്

**1984- ലാണ് മുഖം മഞ്ചേരിയിൽ നിന്നും ഇൻലന്റ് മാസികരൂപത്തിൽ പ്രസിദ്ധീകരിക്കുന്നത്. മുഖ്യ ധാരാ പ്രസിദ്ധീകരണങ്ങളിൽ ഇടം കിട്ടാത്ത പുതിയ കാലത്തിന്റെ എഴുത്തുകാർക്കുള്ള സജീവ വേദിയായി മാറുകയായിരുന്നു മുഖം.**

എഴുപതുകളിൽ ക്ഷുഭിത യൗവനങ്ങളുടെ തീജ്വാലകളോടു കൂടി തുടങ്ങിയ കുഞ്ഞുമാസികകൾക്ക് ഈയാംപാറ്റകളുടെ ജീവിതം മാത്രമേ ഉണ്ടായിരുന്നുള്ളൂ എങ്കിലും മലയാളത്തിലെ കുഞ്ഞു മാസികകൾ ലോകത്തെമ്പാടുമുള്ള സമാന്തര പ്രസിദ്ധീകരണത്തിന്റെ സാമൂഹ്യ ദൗത്യം വളരെ ഭംഗിയോടെ നിർവ്വഹിച്ചിട്ടുണ്ട്.

അച്ചടിയും ലിപി വിന്യാസവും സാങ്കേതികമായി അത്രയൊന്നും വളർന്നിട്ടില്ലാത്ത ഒരു കാലഘട്ടമായിരുന്നു അത്. ഏതാനും മിനുട്ടുകൾകൊണ്ട് പ്രിന്റ് ഔട്ട് എടുത്ത് എളുപ്പത്തിൽ മാസികകൾ പുറത്തിറക്കാൻ കഴിയുന്ന നൂതന സാങ്കേതിക വിദ്യയുള്ള ഈ കാലത്ത്, ഒരു ചെറിയ നോട്ടീസ് അടിച്ചിറക്കാൻപോലും ശ്രമകരമായിരുന്ന കാലഘട്ടമായിരുന്നു എന്ന് ഓർക്കേണ്ടതുണ്ട്.



മോഹൻദാസ് കാരക്കുന്ന്

ഈ കാലത്താണ്, എൺപതുകളുടെ തുടക്കത്തിൽ, മോഹൻദാസ് കാരക്കുന്ന് എന്ന പ്രീഡിഗ്രി വിദ്യാർത്ഥി മുഖം എന്ന ഇൻലന്റ് മാസികയുമായി രംഗത്ത് വരുന്നത്. ലക്ഷങ്ങൾ സർക്കുലേഷൻ കവിഞ്ഞ മുഖ്യധാര പ്രസിദ്ധീകരണങ്ങളുടെ വലിയ ലോകത്തേക്ക് ഒരു കുഞ്ഞു അണ്ണാറക്കണ്ണനായാണ് മുഖം വരുന്നത്.

വലിയ പ്രസിദ്ധീകരണ സാമ്രാജ്യം കെട്ടിപടുക്കാനല്ല. മറിച്ച് വിപ്ലവങ്ങളുടെയും പ്രതിരോധങ്ങളുടെയും അക്ഷരപൂക്കൾ വിരിയിക്കാനുള്ള തീഷ്ണമായ ശ്രമമായിരുന്നു മുഖം കൊണ്ട് മോഹൻദാസ് ഉദ്ദേശിച്ചിരുന്നത്. 1984- ലാണ് മുഖം മഞ്ചേരിയിൽ നിന്നും ഇൻലന്റ് മാസികരൂപത്തിൽ പ്രസിദ്ധീകരിക്കുന്നത്. മുഖ്യധാരപ്രസിദ്ധീകരണങ്ങളിൽ ഇടം കിട്ടാത്ത പുതിയ കാലത്തിന്റെ എഴുത്തുകാർക്കുള്ള സജീവ വേദിയായി മാറുകയായിരുന്നു മുഖം.

മുഖം പോലുള്ള കുഞ്ഞുമാസികകൾക്ക് പരസ്യം നൽകാൻ സ്ഥാപനങ്ങളൊന്നും തയ്യാറായിരുന്നില്ല. വല്ലപ്പോഴും ചില സ്ഥാപനങ്ങൾ കനിഞ്ഞു നൽകിയ ചെറിയ പരസ്യങ്ങൾകൊണ്ട് മുഖത്തിനു വെളിച്ചം കാണാൻ കഴിയുമായിരുന്നില്ല. വീട്ടുകാർ നൽകിയ പോക്കറ്റ് മണിയിൽ നിന്നും ഉച്ചഭക്ഷണം പോലും ഉപേക്ഷിച്ച് മിച്ചം വെച്ചായിരുന്നു മോഹൻദാസ് മാസിക പുറത്തിറക്കിയിരുന്നത്.

പണംകൊടുക്കാൻ കഴിയാത്തതിന്റെ പേരിൽ പലപ്പോഴും അച്ചടി കഴിഞ്ഞ മാസിക കെട്ട് പ്രസ്സിൽ നിന്നും എടുക്കാൻ കഴിയാറില്ല. കൃത്യമായി പണം തരാതെ മാസിക തരാൻ കഴിയില്ലെന്ന് പ്രസ്സ് മുതലാളി അന്ത്യശാസനം നൽകിയപ്പോൾ കൂട്ടുകാരോട് ഇരന്ന് പണം സ്വരൂപിച്ച കഥയും മോഹൻദാസിന് പറയാനുണ്ട്. വഴിയിൽവെച്ച് പ്രസ്സുകാരനെ കാണുമ്പോൾ തൊട്ടടുത്ത കടയിലേക്ക് ഒന്നും വാങ്ങാനില്ലാതിരുന്നിട്ടുകൂടി കയറി ഒളിക്കേണ്ട ഗതികേടിലായിരുന്നു അക്കാലത്തെ മിക്ക മിനിമാസിക പത്രാധിപൻമാരും. കഥകൾക്കും കവിതകൾക്കും ചിത്രങ്ങൾകൊടുക്കാനായിരുന്നു ഏറെ പ്രയാസം. ചിത്രങ്ങൾ ബ്ലോക്കുകളാക്കി അച്ചടിക്കുന്ന സമ്പ്രദായമാണുണ്ടായിരുന്നത്. ബ്ലോക്കുണ്ടാക്കാനുള്ള ഏക ആശ്രയം കോഴിക്കോട്ടുള്ള ലൂക്കോസ് മാത്രമാണ്. കോഴിക്കോട്ടേക്കുള്ള ബസ് ചാർജും ബ്ലോക്കിന്റെ ചിലവും കുഞ്ഞു മാസികകൾക്ക് സഹിക്കാൻ കഴിയുന്നതായിരുന്നില്ല. അത്കൊണ്ട് തന്നെ ഒഴിച്ചുകൂടാൻ പറ്റാത്ത കഥകൾക്കോ കവിതകൾക്കോ മാത്രമാണ് ചിത്രങ്ങളുടെ അകമ്പടി ഉണ്ടായിരുന്നത്. ●

---

ആവശ്യങ്ങൾക്കും ഞങ്ങൾ ഊർജ്ജത്തെ പരിധിയില്ലാതെ ആശ്രയിക്കുന്നു. നിരത്തിലേക്കിറങ്ങുന്ന വാഹനങ്ങളുടെ എണ്ണം കുറച്ചെങ്കിലും ഞങ്ങളതിന് പകരം വയ്ക്കാൻ ശ്രമിക്കുന്നു. അതാണല്ലോ കാവ്യ നീതി .

## സൈക്കിളിൽ വീഴ്ത്തിയ ചിരി

വാഹനിംഗനിലെ ഹോട്ടൽ ഹോഫ്മാൻ വാഗനിംഗനിലെ സ്പോർട്സ് ബാറിൽ ഡാർട്സ് ടൂർണമെന്റ് തകർക്കുകയാണ്. താമസക്കാരിൽ ഒരു വിഭാഗം പേർ കാണികളായും ഒരു വിഭാഗം കളിക്കാരായും രംഗത്തുണ്ട്. ഒരു വിഭാഗം ഹോട്ടൽ ജോലിക്കാരും ഹാജരുണ്ട്.

ഇതിലൊന്നും വലിയ താൽപര്യമില്ലാതെ മാറിയിരിക്കുന്ന ഒരാളെക്കണ്ടു, സ്പോർട്സ് ബാറിലെ ഫ്രണ്ട് ഓഫീസ് ജീവനക്കാരി ആനിയ ഹേൻസെലോൻ. മുമ്പ് പലപ്പോഴും കണ്ട് പരിചയമുണ്ട്. ഭേദപ്പെട്ട രീതിയിൽ ഇംഗ്ലീഷ് സംസാരിക്കും അവർ. രാത്രി ഷിഫ്റ്റ് തീരാൻ ഇനി കുറച്ച് മിനിട്ടുകളേ ഉള്ളൂ. പോവാനുള്ള തയ്യാറെടുപ്പ് തുടങ്ങുകയാണ് ആനിയ.

"ഈ രാത്രി വീട്ടിലേക്കോ?" എനിക്ക് അത്ഭുതം. "അതെ" എന്ന് അവർ ചിരിച്ചു. "എത്ര മിനിട്ട് ഡ്രൈവ്?" ഈ രാത്രി ബസ്സുണ്ടാവില്ലെന്ന തീർപ്പിൽ ഞാൻ ചോദിച്ചു. "വരൂ പറയാം" എന്ന് അവർ ഹോട്ടലിന്റെ പാർക്കിംഗ് സോണിലേക്ക് നന്നു. അടുത്ത ഷിഫ്റ്റിലെ ചെറുപ്പക്കാരന് താക്കോൽ മാറലും കോട്ട് ധരിക്കലുമെല്ലാം അതിനകം കഴിഞ്ഞു.

ഷെഡ്ഡിൽ നിന്ന് സൈക്കിൾ പൂട്ട് തുറന്നെടുക്കുമ്പോൾ സോലെൻ പറഞ്ഞു: ഇവിടുന്ന് ഈദ് വാഹനിംഗൻ റെയിൽവേ സ്റ്റേഷൻ വരെ സൈക്കിൽ ആഞ്ഞു ചവിട്ടിയാൽ 8 മിനിട്ട്. പിന്നെ ഡോൺ ബോസിലേക്ക് ട്രെയിനിൽ 40 മിനിട്ട്. ഇവിടെ ഇറങ്ങി ഒരു അഞ്ച് മിനിട്ട് വീണ്ടും സൈക്കിളിൽ. വീടെത്തുകയായി.

രാത്രി ഈ സമയത്ത്, കടുത്ത തണുപ്പത്ത് ഒരു പെൺകുട്ടി സൈക്കിളിൽ... തനിയെ, എന്നിങ്ങങ്ങനെ ഞാൻ അന്തിച്ചു നിൽക്കേ സോളൻ സൈക്കിളിൽ കടന്നിരുന്ന് കഴിഞ്ഞു.

## സീ യൂ ബൈ

സൗഹൃദത്തിന്റെ മണി മുഴങ്ങിക്കൊണ്ട് അവൾ സൈക്കിൾ ചവിട്ടി നീങ്ങാൻ തുടങ്ങി; സൈക്കിളിൽ നിന്ന് വീണുപോയ ചിരിയോടെ ഞാൻ അത്ഭുതപ്പെട്ട് നിൽക്കെ..... ●

# നദിയിൽ മുങ്ങൂ... രോഗം മാറ്റൂ...

ജോൺസി ജേക്കബ്

ജോൺസിയുടെ പ്രകൃതിപാഠം - 5



ആധുനിക മനുഷ്യർക്ക് രോഗമാണ്. കുഷ്ഠത്തിലും ഭയങ്കരമായ രോഗം. പ്രകൃതിയെ വിട്ടുപിരിഞ്ഞ് അതിനെ ശത്രുവായി കാണാൻ തുടങ്ങിയിപ്പോൾ ആരംഭിച്ചതാണ് ഈ രോഗം. ഇതവന്റെ നാശത്തിലേ എത്തിക്കൂ. ഒരു ശാസ്ത്രത്തിനും കണ്ടുപിടുത്തതിനും മുദ്രാവാക്യത്തിനും, തത്വശാസ്ത്രത്തിനും അവയെ രക്ഷിക്കാനാവില്ല.

സിറിയാരാജാവ് ഇസ്രയേലിനെ കീഴടക്കിയെങ്കിലും അവിടത്തെ രാജാവിനെ ഭരിക്കാൻ അനുവദിച്ചിരുന്നു. ഇസ്രയേലിൽ ഏലീശാ എന്നൊരു സന്യാസി - സിദ്ധൻ - ഉണ്ടായിരുന്നു.

സിറിയ രാജാവിന്റെ സേനാപതിയുടെ പേര് നാമാൻ എന്നായിരുന്നു. രാജാവിന് തൊട്ടുതാഴെയായിരുന്നു അയാളുടെ സ്ഥാനം. വീരപരാക്രമിയെങ്കിലും അദ്ദേഹം ഒരു മാറാ രോഗിയായിരുന്നു - കുഷ്ഠരോഗി. ഒട്ടേറെ വൈദ്യൻമാർ ശ്രമിച്ചിട്ടും മന്ത്രവാദങ്ങൾ ചെയ്തിട്ടും പുണ്യസ്ഥലങ്ങൾ സന്ദർശിച്ചിട്ടും നാമാന്റെ രോഗം മാറിയില്ല. അയാൾ നിരാശാഗർത്തത്തിൽ ആണ്ടുപോയി.

യുദ്ധത്തിൽ ഒരുപെൺകുട്ടിയെ ഇസ്രയേലിൽ നിന്ന് നാമാൻ പിടിച്ചുകൊണ്ട് വന്ന് വീട്ടിലേക്ക് ആക്കിയിരുന്നു. നാമാന്റെ ശ്രീമതിയെ പരിചരിക്കുകയായിരുന്നു അവളുടെ ജോലി. അവൾ യജമാനത്തിയോട് പറഞ്ഞു. യജമാൻ ഇസ്രയേലിന്റെ സിദ്ധന്റെയടുത്തു പോയാൽ അദ്ദേഹം തീർച്ചയായും യജമാനനെ സുഖപ്പെടുത്തും..

ഇതുകേട്ട നാമാൻ രാജാവിനെ പോയി കണ്ടു. രാജാവ് നാമാന്റെ വശം ഇസ്രയേൽ രാജാവിന് ഒരു കത്ത് കൊടുത്തയച്ചു. സിദ്ധന് സമ്മാനിക്കാൻ ഒട്ടേറെ പണവും സ്വർണ്ണവും വസ്ത്രങ്ങളും അദ്ദേഹം കരുതിയിരുന്നു.

നാമാനെയും പരിവാരത്തെയും കണ്ട് ഇസ്രയേൽ രാജാവ് ഭയന്നു. തന്നെയും രാജ്യത്തുള്ളവരെയും നശിപ്പിക്കാൻ സിറിയ രാജാവ് ഒരു കാരണം ഉണ്ടാക്കുകയാണ്. തനിക്കെങ്ങനെ കുഷ്ഠരോഗം മാറ്റാൻ കഴിയും എന്നയാൾ വിലപിച്ചു.

ഇതറിഞ്ഞ് ഏലീശാ ആളെ വിട്ട് നാമാനെ തന്റെ പാർപ്പിടത്തിലേക്ക് വിളിപ്പിച്ചു. നാമാൻ ചെന്നു. താങ്കൾ യോർദ്ദാൻ നദിയിൽ ഏഴു പ്രാവശ്യം മുങ്ങിക്കുളിക്കുക - ഏലീശാ പറഞ്ഞു.

ഹും! ഇതെന്ത് അന്ധവിശ്വാസമാണ്! ഈ നദിക്കെന്താ ഇത്ര പ്രത്യേകത! സിറിയയിലെ എല്ലാ നദികളിലും ഞാനെത്ര കുളിച്ചിരിക്കുന്നു! പിന്നെ എത്രയെത്ര ശാസ്ത്രജ്ഞൻമാർ വൈദ്യൻമാർ എന്നെ ചികിത്സിച്ചിരിക്കുന്നു! പിന്നെയല്ലേ യോർദ്ദാൻ നദി! ദേഷ്യത്തോടെ വണ്ടിയിൽ കയറി അയാൾ മടക്കയാത്ര തുടങ്ങി. നാമാന്റെ ദാസൻ തന്റെ യജമാനനോട് പറഞ്ഞു. സിദ്ധൻ അങ്ങയോട് ഏറ്റവും നിസ്സാരമായ കാര്യമല്ലേ ആവശ്യപ്പെട്ടത്. നദിയിലൊന്നു കുളിച്ചാൽ എന്ത് നഷ്ടമാണ് വരിക?.നാമാൻ സമ്മതിച്ചു. വണ്ടി നിർത്താൻ കൽപ്പിച്ചു. വസ്ത്രമഴിച്ച് അദ്ദേഹം നദിയിലിറങ്ങി. ഏഴു തവണ മുങ്ങി. പൊങ്ങിയപ്പോൾ അദ്ഭുതം! കുഷ്ഠരോഗം മാറിയിരിക്കുന്നു.

ആധുനിക മനുഷ്യർക്ക് രോഗമാണ് . കുഷ്ഠത്തിലും ഭയങ്കരമായ രോഗം. പ്രകൃതിയെ വിട്ടുപിരിഞ്ഞ് അതിനെ ശത്രുവായി കാണാൻ തുടങ്ങിയിപ്പോൾ ആരംഭിച്ചതാണ് ഈ രോഗം. ഇതവന്റെ നാശത്തിലേ എത്തിക്കൂ. ഒരു ശാസ്ത്രത്തിനും കണ്ടുപിടുത്തതിനും മുദ്രാവാക്യത്തിനും, തത്വശാസ്ത്രത്തിനും അവയെ രക്ഷിക്കാനാവില്ല.

സിദ്ധൻ പറയുന്നു. യോർദ്ദാനിൽ മുങ്ങുക എന്ന്. പ്രകൃതിയിലേക്ക് തിരിച്ചുവരിക. ഭൂമിയെ അമ്മയായി തിരിച്ചറിയുക, സ്വയം ദൈവം കളിക്കുന്നത് മതിയാക്കുക, അഹന്ത വലിച്ചെറിയുക, മനസ്സ് സ്നേഹം കൊണ്ട് നിറക്കുക, എല്ലാറ്റിലും പരംപൊരുളെന്ന സത്തയെ ദർശിക്കുക. ഇതെല്ലാതെ മനുഷ്യന്റെ രോഗം മാറാൻ വേറെ മാർഗ്ഗമില്ല. ●

കഥ



# ശ്വാനകാണ്ഡം

വി. ജയപ്രകാശ്

പട്ടിക്കു കുരച്ചാൽ മതിയല്ലോ. പള്ളീപ്പോണ്ട. പള്ളിക്കൂടം വേണ്ട. പാതാളത്തെ ദുസ്വപ്നം കാണണ്ട. പകലൊക്കെ സീരിയൽ പോലെ നിദ്ര. രാത്രി മോഷ്ടിക്കാൻ വരുന്നോനൊരൊരാത്താശ. ഒരുണക്കമീൻ. അല്ലെങ്കിലൊരു കോഴിക്കാല്. പിന്നെ ഒന്നു വാലാട്ടണം. അതേതു പട്ടിയാ ചെയ്യാത്തത്. കന്നിയിലെ ഉത്സവസ്മൃതിയിൽ പതിനൊന്നു മാസോം എന്തുമാകാം. പിന്നെയീ മനുഷ്യന്മാരെ സമ്മതിക്കണം. അവനെന്നും കന്നിയാണല്ലോ. പള്ളിക്കൂടോം പള്ളീം കള്ളോം കള്ളടീം. എതു പട്ടിയും തോറ്റു പോവും, നമുക്കെപ്പോഴും ബൗ. ബൗ.. ബൗ...

കവിത

പ്രതീഷ് എം.പി.

# തെളിവ്


വേനൽകാലം
മരങ്ങളിൽ
പേരെഴുതുവാൻ
ചെലവിടുന്നു...
നഖങ്ങൾ ചോരച്ച്
തേഞ്ഞ് പൊട്ടിക്കഴിയുമ്പോൾ
ഉറങ്ങാൻ പോകുന്നു...
സ്വപ്നങ്ങൾ കാണും -
പടർന്നു വരുന്ന
പുതിയ തൊലികളിൽ
മരങ്ങളിൽ...
അവന്
പാതകൾ
ജലത്തിൽ
നഷ്ടപ്പെടുന്നു...

കഥ

# വേരുകൾ

**അജിജേഷ് പച്ചാട്ട്**


ഒരു കൊടിയും തീക്കൊള്ളിയും ഖദർതൊണ്ടകളുടെ കമ്പനമഴ പെയ്യിക്കും കുറുവടി, കഠാര, വടിവാൾ, കരിങ്കൽച്ചീളുകൾ, ബോംബ്, സൈക്കിൾ ചങ്ങലകൾ സിക്സ് പായ്ക്കുമായി ചാവേർക്കൂട്ടങ്ങളുടെ കുളമ്പടിയൊച്ചകൾ... വഴിയരികിൽ; ബീഡിത്തുണ്ടിലൂടെ ഓർമ്മകൾ ശ്വസിച്ചുവിടുന്ന വൃദ്ധൻ... അല്ലെങ്കിൽ, പെൻസിൽമേട്ടത്തിന്റെ പുതിയ തന്ത്രങ്ങൾ മെനഞ്ഞ് നീങ്ങുന്ന സ്കൂൾകുട്ടി... അതുമല്ലെങ്കിൽ മഞ്ഞച്ചുവപ്പൻ ബസ്സിന്റെ ദർപ്പണനെറ്റിയിലേക്ക് ഇറ്റിവീണ മിന്നൽച്ചിത്രം. ചോര...!! പോലീസ്...? ലാത്തിച്ചാർജ്ജ്...?? ഹർത്താൽ മരത്തണലിൽ വിശ്രമിക്കാനെന്നും കുറച്ച് ശവങ്ങളുണ്ടിവിടെ, ലിംഗ ശാസ്ത്രത്തത്തിന്റെ അസ്തിത്വമൊടിഞ്ഞ വെറും ശവങ്ങൾ....



കവിത

# സമയമില്ലാത്തവരുടെ 'സമയം'

**ഗിരീഷ് മാരേങ്ങലത്ത്**



"ഹൗസ്ഫുൾ" ബോർഡ്
മനസ്സിൽ തെളിഞ്ഞപ്പോഴാണ്
ആക്സിലേറ്ററിൽ
വിരലുകളമർന്നത്
"ശ് ർർർ..."
ഒരു
ഇൻകമിംഗിന്റെ
വരവറിയിച്ചുകൊണ്ട്
ഇടതുപോക്കറ്റിന്റെ
വലത്തേമൂലയിൽ
പെട്ടെന്നൊരു
വൈബ്രേഷൻ
ഓ...
നിറുത്തിയെടുക്കുന്ന-
"തൗട്ടോഫാഷൻ"

ചരിച്ചുവച്ച
തലയുടേയും
ഉയർത്തിവച്ച
തോളെല്ലിന്റേയും
ഇടയിലേക്ക്
തിരുകാം....
"ഹലോ",-
"ആരാ...?"
"ഹ... ഹ... ഹ..."
"ഞാനോ..."
വാക്കുകൾ
മുഴുമിപ്പിക്കുന്നതിന് മുമ്പ്
ഒരു വെട്ടൽ...!
പിന്നൊരു തെന്നൽ....!
ശേഷമൊരു
മറിയൽ..!

ചുവന്നു തുടുത്ത്
ഒഴുകിപ്പടരുന്ന
ചോരപ്പുഴയിൽ
കോൾ
ഡിസ്കണക്ടായി.
പക്ഷെ,
ഇൻബോക്സിൽ മാത്രം
ഒരു മെസേജ്
തെളിഞ്ഞു നിന്നു
"താങ്ക്യൂ..."
ഫോർ യുവർ
കോ-ഓപ്പറേഷൻ....
യമധർമ്മൻ
ഫ്രം
കാലപുരി.

രണ്ട് കവിതകൾ

**ആന്റണി ചീരാൽ**

# കുറുക്കനും മനുഷ്യനും

കൗശലം
മനുഷ്യന് കടം കൊടുത്ത്
കുറുക്കൻ;
നാവ് നുണഞ്ഞ് കഥകളിലേക്ക്
മറഞ്ഞു പോയി

# വലുതും ചെറുതും

മൗനജാഥ
നയിക്കുന്നുറുമ്പിൻ കൂട്ടത്തിൽ
തല വലിയവൻ നേതാവ്
ചത്ത ഗൗളിയെച്ചുമക്കുന്ന
പിന്നണിക്കാർ
കടിച്ചുപിടിച്ച നെൽമണിയിൽ
വിഷം തേച്ചത് തല ചെറിയവൻ



രണ്ട് കവിതകൾ

# തീറ്റ

**വി.എസ്. ഗിരീശൻ**

കന്നു മേയുന്ന കുന്നും
കൊന്ന പൂക്കുന്ന കുന്നും
തിന്നു തീർക്കുന്നു ജെ.സി.ബി.

# 22-ാം നൂറ്റാണ്ട്

**ശറഫുദ്ധീൻ കാളികാവ്**

ഭൂമിയിൽ നീർച്ചാലുകളും
ജലസ്രോതസ്സുകളുമുണ്ടായിരുന്നെന്ന്
വിദഗ്ധ പഠനത്തിൽ തെളിഞ്ഞു

പേരന്റിംഗ്

# അച്ഛൻ ക്ഷമിക്കുന്നു

ഡബ്ല്യു. ലിവിങ്ടൺ ലാർനെഡ്
വിവ: ദീപേഷ് കെ. രവീന്ദ്രനാഥ്

എന്റെ മകനേ നീ ഇത് കേൾക്കൂ: നിന്റെ കുഞ്ഞു വിരലിലെ നഖം കവിളിൽ ഉണ്ടാക്കിയ പോറലും, നെറ്റിയിലെ വിയർപ്പിൽ പറ്റിക്കിടക്കുന്ന ചുരുളൻ മുടിയുമായി നീ ഉറങ്ങിക്കിടക്കുമ്പോഴാണ് ഞാനിത് പറയുന്നത്. ഞാൻ തനിച്ച് നിന്റെ മുറിയിൽ കള്ളനെപ്പോലെ കടന്നിരിക്കുകയാണ്. ഏതാനും നിമിഷങ്ങൾക്കു മുമ്പ് ലൈബ്രറിയിലിരുന്ന് പത്രം നോക്കുമ്പോഴാണ്, പശ്ചാത്താപത്തിന്റെ ഒരു തിര എന്നിൽ അലയടിച്ചത്. കുറ്റബോധത്തോടെ ഞാൻ നിന്റെ കിടക്കയ്ക്കരികിൽ ഓടിയെത്തി.

ഞാൻ നിന്നെപ്പറ്റി ചിന്തിച്ചു കൊണ്ടിരുന്ന കാര്യങ്ങളെപ്പറ്റിയാണ് മോനേ ഞാൻ പറയുന്നത്. ഞാൻ നിനക്കൊരു കുരിശാണ്. കാലത്ത് സ്കൂളിൽ പോകാൻ വേണ്ടി ഉടുപ്പിടുന്ന നേരത്ത് നീ ടവ്വൽ കൊണ്ട് വെറുതേ നിന്റെ മുഖം തുടച്ചപ്പോൾ ഞാൻ നിന്നെ വഴക്ക് പറഞ്ഞു. അഴുക്കുപുരണ്ട ഷൂ കണ്ട് ഞാൻ നിന്നെക്കൊണ്ടത് കഴുകിച്ചു. ദേഷ്യത്തോടെ നീ നിന്റെ സാധനങ്ങൾ നിലത്തെറിഞ്ഞപ്പോൾ ഞാൻ ഒച്ചയിട്ടു.

ചായ കുടിക്കുന്ന നേരത്തും നിന്റെ തെറ്റുകൾ കണ്ടെത്തുകയായിരുന്നു ഞാൻ. ഭക്ഷണ സാധനങ്ങൾ തുപ്പിക്കളയുന്നു, അല്ലെങ്കിൽ അപ്പടി വിഴുങ്ങുന്നു. കൈമുട്ടുകൾ തീൻമേശയിൽ വെക്കുന്നു. ബ്രഡ്ഡിൽ ആവശ്യത്തിലധികം വെണ്ണ തേക്കുന്നു. ഞാൻ ട്രെയിൻ കയറി പോകാൻ നേരത്ത് നീ കൈകൾ വീശി എന്നോട് ഗുഡ്ബൈ പറഞ്ഞു. അപ്പോഴും ഞാൻ കണ്ണുരുട്ടിക്കാണിച്ചുകൊണ്ട് പറഞ്ഞു. കൈകൾ പുറത്തേക്കിടാതെ മര്യാദക്ക് നിൽക്കൂ എന്ന്.

വൈകിട്ട് ആ കുറ്റം പറച്ചിൽ കളി വീണ്ടും തുടങ്ങി. ഞാൻ റോഡിലൂടെ വരുമ്പോൾ, നീ മണ്ണിൽ മുട്ടുകുത്തി ഗോട്ടി കളിക്കുന്നത് കണ്ടു. നിന്റെ ഉടുപ്പ് കീറിയിരുന്നു. നിന്റെ കളിക്കൂട്ടുകാരുടെ മുന്നിൽ വെച്ച് നിന്നെ വേദനിപ്പിച്ച് ഞാൻ നിന്നെ വീട്ടിലേക്ക് നടത്തിച്ചു കൊണ്ടുപോയി. കുപ്പായം നല്ല വിലയുള്ളതായിരുന്നു – നീയായിരുന്നു അത് പണം കൊടുത്ത് വാങ്ങിയിരുന്നതെങ്കിൽ നീ സൂക്ഷിക്കുമായിരുന്നു! മോനേ ഒരു അച്ഛന്റെ സ്ഥാനത്ത് നിന്ന് അതൊന്ന് ഭാവന ചെയ്യണം.

നീ ഓർക്കുന്നുണ്ടോ, ഞാൻ ലൈബ്രറിയിൽ വായിച്ചു കൊണ്ടിരിക്കെ നീ പേടിച്ചോടി വന്നത്, നിന്റെ കണ്ണുകളിൽ ഒരു ഭയപ്പാടുണ്ടായിരുന്നില്ലേ? എന്നെ ശല്യം ചെയ്തെന്ന മട്ടിൽ ഞാൻ പത്രത്തിലേക്ക് തല താഴ്ത്തി. വാതിലിനടുത്തെത്തിയപ്പോൾ നീ വീണ്ടും എന്നെ നോക്കി നിന്നു. "എന്താണ് വേണ്ടത് നിനക്ക്" ഞാൻ ദേഷ്യപ്പെട്ടു.

നീ ഒന്നും പറഞ്ഞില്ല. ഒരു കൊടുങ്കാറ്റു പോലെ ഓടിയടുത്ത് കൈകൾ എന്റെ ചുമലിലിട്ട് എന്ന ഉമ്മ വെച്ചു. നിന്റെ കുഞ്ഞിക്കൈകൾ കൊണ്ടുള്ള ആ ആലിംഗനത്തിൽ, ദൈവം നിന്റെ ഹൃദയത്തിൽ നിറച്ച സ്നേഹം നിറഞ്ഞിരുന്നു. അവഗണനയേറ്റാൽപ്പോലും അത് വാടിത്തളരില്ല. നീ ഓടി മറഞ്ഞു; കോണിപ്പടികളിൽ ചവിട്ടി ഒച്ചയുണ്ടാക്കിക്കൊണ്ട്!

പക്ഷേ മോനെ, എന്റെ കൈയ്യിൽ നിന്ന് പത്രം വഴുതിവീണപ്പോഴാണ് ഒരു കൊടും ഭീതി എന്നെ കീഴ്പ്പെടുത്തിയത്. ശീലങ്ങൾ എന്നെക്കൊണ്ട് എന്താണ് ചെയ്യിക്കുന്നത് ? കുറ്റങ്ങൾ കാണുന്ന ശീലം, ശിക്ഷിക്കുന്ന ശീലം – നീ ഒരാൺ കുഞ്ഞായതിന്റെ പേരിൽ ഞാൻ നിനക്ക് തന്ന സമ്മാനം. ഞാൻ നിന്നെ സ്നേഹിക്കുന്നില്ലെന്നല്ല; നിന്നിൽ നിന്ന് ഞാൻ കൂടുതൽ പ്രതീക്ഷിച്ചു പോയി എന്നതാണ് കാര്യം. ഞാൻ എന്റെ ചെറുപ്പകാലത്തിന്റെ അളവ് കോൽ കൊണ്ടാണ് നിന്നെ അളന്നത്.

നിന്റെ സ്വഭാവത്തിലാകട്ടെ, സുന്ദരവും സത്യസന്ധവും നിഷ്കളങ്കവുമായ ഒരുപാട് കാര്യങ്ങളുണ്ടായിരുന്നു. പരന്ന് കിടക്കുന്ന കുന്നിൻമുകളിലെ സൂര്യോദയം പോലെ വിശാലമായിരുന്നു നിന്റെ ഹൃദയം. ശുഭരാത്രി നേരാനായി പെട്ടെന്ന് ഓടിവന്ന് നീ തന്ന ഉമ്മയിലൂടെ നീ അത് പ്രകടിപ്പിച്ചു. ഈ രാത്രിയിൽ എനിക്ക് അതിൽക്കവിഞ്ഞ് മറ്റൊന്നും പ്രധാനമല്ല മോനേ. ഞാൻ നിന്റെ കട്ടിലിന്നരികിൽ ഇരുട്ടത്ത് വന്ന് മുട്ട് കുത്തിയിരിക്കുന്നു, ലജ്ജയോടെ!

വളരെ ദുർബ്ബലമായൊരു പ്രായശ്ചിത്ത

വലിയ ചെറിയ മനുഷ്യർ

# ഏലിയാമ്മ എന്ന എന്റെ അമ്മച്ചിയുടെ ജീവിതം

സുജ ജോൺ



മഹാത്മാക്കളുടെ ജീവിത കഥകൾ ജീവിതത്തിൽ നമുക്ക് വഴികാട്ടിയായി തീരാറുണ്ട്. എന്നാൽ നമ്മുടെ വീട്ടിൽ തന്നെ നമ്മുടെ ചുറ്റുപാട്, നമുക്ക് പരിചിതരായ തികച്ചും സാധാരണക്കാരായ പല വലിയ ജീവിതങ്ങളേയും നാം കണ്ടില്ലെന്ന് നടിക്കാറില്ലേ?

എന്റെ മാതാവിന്റെ മാതാവ് ഏലിയാമ്മ എന്ന എന്റെ അമ്മച്ചി ദിവംഗതയായിട്ട് വർഷം 5 ആയി. 85മത്തെ വയസ്സിൽ മരിക്കുമ്പോൾ 75 വർഷത്തെ വിവാഹ ജീവിതം പൂർത്തിയാക്കിയിരുന്നു. അവസാന നാളുകളിലും സ്വയം പാചകം ചെയ്തും, പറമ്പിൽ ജോലി ചെയ്തും സദാസമയം തിരക്കുകളിൽ വ്യാപൃതയായിരുന്നു. മഴക്കാലം വരുന്നതിന് മുമ്പ് തന്നെ വിറക് ശേഖരിച്ച് വെക്കും. ഓരോ സീസണും വരുമ്പോൾ അപ്പോൾ ചെയ്യേണ്ട കൃഷിയിനങ്ങളെക്കുറിച്ച് നിരന്തരം എല്ലാവരേയും ഓർമ്മിപ്പിക്കും. എൺപത് വയസ്സ് വരെയും ആടുകളെ വളർത്തി വരുമാനം ഉണ്ടാക്കി. സ്വയം അദ്ധ്വാനിച്ച് തന്നെ ജീവിക്കണം എന്നും ആരുടേയും ആശ്രയത്വം – മക്കളുടേതായാലും വേണ്ടാ എന്നും തീരുമാനമെടുത്ത അമ്മച്ചി. മക്കളുടെ മക്കളുടേയും അവരുടെ മക്കളുടേയും പ്രസവം പോലെയുള്ള കാര്യങ്ങളിൽ എവിടെയാണെങ്കിലും ഓടിയെത്തും. നാട്ടുമരുന്നുകളുടെ കുറിപ്പടികൾ മനഃപാഠമാക്കിയിരുന്നു. മരിക്കുന്നതിന് ഏതാനും മാസങ്ങൾക്കു മുമ്പ് വരെ കേരളത്തിൽ അങ്ങിങ്ങായി താമസിക്കുന്ന മക്കളേയും കൊച്ചുമക്കളേയും കാണാൻ 87 കാരനായ

മാണിത്, നീ ഉണർന്നിരിക്കുന്ന നേരത്ത് നിന്നോടിതൊക്കെ പറഞ്ഞാൽ നിന ക്കൊന്നും മനസ്സിലാവില്ലെന്ന് എനിക്ക റിയാം. പക്ഷെ, നാളെ ഞാനൊരു യഥാർത്ഥ അച്ഛനായിരിക്കും! ഞാൻ നിന്റെ കൂട്ടുകാര നാവും! നീ വേദനിക്കുമ്പോൾ ഞാൻ വേദനിക്കും. നീ ചിരിക്കുമ്പോൾ ഞാനും. ശകാരവാക്കുകൾ വായിൽ വന്നാൽ ഞാനെന്റെ നാക്കിനെ കടിച്ചമർത്തും. ഒരു പ്രാർത്ഥന പോലെ ഞാനിങ്ങനെ പറഞ്ഞു കൊണ്ടിരിക്കും: "അവനൊരു കുട്ടിയാണ്. കൊച്ചു പയ്യൻ!".

ഞാൻ നിന്നെ മുതിർന്ന ഒരു പുരുഷനായി സങ്കൽപ്പിച്ചുപോയോ എന്ന് ഞാൻ ഭയക്കുന്നു. എന്നിട്ടും ഇപ്പോൾ പുതപ്പിനുള്ളിൽ തളർന്നുറങ്ങുന്ന നിന്നെ ഞാൻ കാണുകയാണ് മോനേ, നീ ഇപ്പോഴും ഒരു കൊച്ചു കുട്ടിയാണെന്ന് ഞാൻ കാണുന്നു. ഇന്നലെ നീ നിന്റെ അമ്മയുടെ കൈകളിൽ അവളുടെ തോളത്ത് തൂങ്ങി ക്കിടക്കുകയായിരുന്നു. അങ്ങനെയുള്ള നിന്നോട് ഞാൻ ആവശ്യത്തിലധികം ആവശ്യപ്പെട്ടിരിക്കുന്നു.

അതുകൊണ്ട് മറ്റുള്ളവരെ കുറ്റം പറയാതെ, നമുക്കവരെ മനസ്സിലാക്കാൻ ശ്രമിക്കാം. അവർ ചെയ്യുന്ന ഓരോ പ്രവൃത്തിക്കും അവരെ പ്രേരിപ്പിച്ച തെന്താണെന്ന് നോക്കാം. വിമർശനേത്തേ ക്കാൾ എത്രയോ ഗുണപരവും ലാഭകര വുമാണത്. അത് നമ്മിൽ കരുണയും ക്ഷമയുമുണ്ടാക്കുന്നു. "എല്ലാം അറിയുക യെന്നാൽ എല്ലാം ക്ഷമിക്കുകയെന്നാണ്."

ഡോ. ജോൺസൺ പറഞ്ഞ പോലെ, "മനുഷ്യന്റെ അന്ത്യനാൾവരെ ദൈവം പോലും അവനെ ശിക്ഷിക്കാൻ തുനിയില്ല".

പിന്നെന്തിന് നിങ്ങളും ഞാനും...? ●

---


ഭർത്താവ് മാത്തനോടൊപ്പം ബസ്സിലും ട്രെയിനിലും പരമാവധി നടന്നും സഞ്ചരിച്ചു. കുടുംബത്തിൽ എവിടെ വിവാഹമോ, വിശേഷമോ ഉണ്ടായാൽ അവിടെത്തി തന്റെ സമ്പാദ്യത്തിൽ നിന്ന് ചെറുതല്ലാത്ത എന്തെങ്കിലും സമ്മാനവും നൽകും.

അമ്മച്ചിയുടെ ബാഗ് നോഹയുടെ പെട്ടകം എന്നാണ് അറിയപ്പെട്ടിരുന്നത്. അത്യാവശ്യം വേണ്ട എല്ലാം അതിൽ ഉണ്ടാവും. മരുന്നുകൾ, ടോർച്ച്, കണ്ണടകൾ... അങ്ങനെ എല്ലാം.

എല്ലാ കാര്യത്തിലും അതീവശ്രദ്ധയും തയ്യാറെടുപ്പും സൂക്ഷ്മതയും വെച്ചു പുലർത്തി. യാത്ര പോവാനുണ്ടെങ്കിൽ തലേദിവസം തന്നെ ബാഗിൽ സാധനങ്ങൾ നിറക്കും. പുലർച്ചെ എഴുന്നേറ്റ് ക്ലോക്കിൽ നോക്കിയിരിക്കും. മരിക്കുമ്പോൾ പുതക്കാനുള്ള വെണ്മയുള്ള വസ്ത്രം ബാഗിൽ സദാ കരുതി വെച്ചു. ആർഭാടം ഇല്ലാത്ത, സ്വയം പര്യാപ്തത നേടിയ സദാ ജാഗ്രത്തായ ഒരു മഹാജീവിതം തന്നെയായിരുന്നു ഞങ്ങളുടെ അമ്മച്ചി പൂർത്തിയാക്കിയത്. ●

# ഒരു മരത്തിന് വേണ്ടി

**മൂന്ന് സെന്റിന്റെ ഇത്തിരിവട്ടത്തിലും പരിസ്ഥിതിയെ, പ്രകൃതിയെ എങ്ങനെ സ്നേഹപൂർവ്വം പരിചരിക്കാം എന്നറിയാൻ, മഞ്ചേരി കച്ചേരിപ്പടിയിലെ കൃഷ്ണാ ടവറിൽ വന്നാൽ മതി.**



കെട്ടിട നിർമ്മാണത്തിന്റെ പേരിൽ സ്ഥലത്ത് ഉപദ്രവകാരിയല്ലാത്ത മരത്തേയും കോടാലിക്കിരയാക്കുന്ന കാലത്ത് കേവലം 3 സെന്റ് സ്ഥലത്ത് മൂന്ന് നില കെട്ടിടം, സ്ഥലത്തെ വലിയ മാവ് നിലനിർത്തി പണികഴിപ്പിച്ച് വൃക്ഷസ്നേഹം പ്രകടമാക്കിയ ഒരു നിർമ്മാണം ! മഞ്ചേരി കച്ചേരിപ്പടിയിലെ കൃഷ്ണാ ടവറിനെക്കുറിച്ചാണ് പറഞ്ഞ് വരുന്നത്.

മഞ്ചേരി കച്ചേരിപ്പടിയിൽ അനുദിനം വികസിക്കുന്ന സ്ഥലത്ത് കെട്ടിടം നിർമ്മിച്ചപ്പോൾ അഭിഭാഷകനായ കൃഷ്ണനുണ്ണി ഏറെ പ്രയാസപ്പെട്ടത് 3 സെന്റ് സ്ഥലത്ത് വഴിമുടക്കി നിൽക്കുന്ന കൂറ്റൻ മാവിന്റെ കാര്യത്തിലായിരുന്നു. ഓഫീസ് മുറികൾക്ക് മുമ്പിൽ കാർ പാർക്കിംഗിന് സ്ഥലം വേണം. മാവിന്റെ ശിഖരങ്ങൾ കെട്ടിടത്തിന് മറവും ഉണ്ടാക്കും. ഇത്തിരിസ്ഥലത്ത് പരമാവധി സ്ഥലം ഉപയോഗപ്പെടുത്തി സൗകര്യങ്ങളുള്ള 3 നില കെട്ടിടം പണിതപ്പോൾ മാവ് സ്ഥലത്ത് തന്നെ നില നിർത്താൻ പ്രയാസപ്പെട്ടാണെങ്കിലും അഡ്വക്കെറ്റ് കൃഷ്ണനുണ്ണി വിജയിച്ചു. വലിയ വിശാലമായ പറമ്പുകളിൽ പോലും സൗകര്യത്തിന്റെ പേരിൽ ചുറ്റുപാടും നിൽക്കുന്ന മരങ്ങൾ എല്ലാം തന്നെ വെട്ടി വെളുപ്പിക്കുന്നത് ഗ്രാമങ്ങളിലും പതിവായിത്തീർന്നിരിക്കുമ്പോഴാണിത് !

എന്നാൽ ഇന്ന് കൃഷ്ണാടവറിൽ പ്രവർത്തിക്കുന്ന വക്കീലാഫീസുകളിൽ എത്തുന്നവർ പേർത്തും പേർത്തും പറയുന്നത് കൊടും വേനലിലും ഹൃദയഹാരിയായ തണൽ നൽകി പരിലസിക്കുന്ന മാവിനെക്കുറിച്ചാണ്. "ഈ മാവിന്റെ തണൽ ഒരു ആശ്വാസം തന്നെ" എന്ന് കെട്ടിടത്തിന് മുന്നിൽ വന്നുപെടുന്ന പലരും പറയുന്നു.

മൂന്ന് സെന്റിന്റെ ഇത്തിരിവട്ടത്തിലും പരിസ്ഥിതിയെ, പ്രകൃതിയെ എങ്ങനെ സ്നേഹപൂർവ്വം പരിചരിക്കാം എന്നറിയാൻ മഞ്ചേരി കച്ചേരിപ്പടിയിലെ കൃഷ്ണാ ടവറിൽ വന്നാൽ മതി. ●

Little Masika April - May 2009 Postal Reg.No. KL/MJI/82/2007-2009.RN 67322 / 94 registered with the
Registrar of News Papers for India New Delhi Rs. 6.50




ചെറുതായിരിക്കുന്നതിന്റെ പ്രസക്തി

# ലിറ്റിൽ മാസിക

2009 ഏപ്രിൽ - മെയ്

ലക്കം: 107

ചെറുതായിരിക്കുന്നതിന്റെ പ്രസക്തിയെക്കുറിച്ച് നിരന്തരം അന്വേഷിക്കുന്നു. പ്രസക്തങ്ങളായ ചെറിയ കാര്യങ്ങളെക്കുറിച്ച് ജാഗ്രതയോടെ സംസാരിക്കുന്നു. ആശയപരമായി പ്രതികരിച്ചും പ്രചാരണപരമായി സഹായിച്ചും നിങ്ങൾക്കും എഴുത്തിന്റെയും അന്വേഷണത്തിന്റെയും ഈ തനതുവഴികളിൽ പങ്കാളികളാകാം.

Registered Periodical

*If undeliverd, please return to*

Editor
Little masika
Chungathara P.O.
Malappuram Dt.
Pin: 679 334
Kerala

Edited, Printed, Published and owned by Biju John published at Chungathara
printed at Imperial Edv. for Co-op Press, Chungathara